# അൽ-മുർശിദ്

# AL-MURSHID

1966 ആഗസ്റ്റ്

## ഈ ലക്കത്തിൽ


പേജ്.

1. ക്ഷുദ്രജീവികൾ — പത്രാധിപക്കുറിപ്പ്. .... 2
2. റാത്തീബും ഒരു കൊലയും
   — ഇ. കെ. മൗലവി. .... 5
3. ദൈവവും മനുഷ്യബുദ്ധിയും
   — ശഹീദ് ഹസനുൽബന്ന. .... 9
4. മാർഗ്ഗ വ്യതിചലനം
   — ഇസ്ഹാഖ് നദ്‌വി. .... 13
5. പരസ്പരവിശ്വാസത്തിന്ന് ഒരു മാതൃക
   — എം. മുഹമ്മദ്, മുടംബായൽ. .... 16
6. ആഫ്രിക്കയിൽ ഇസ്ലാമിന്റെ ഭാവി
   — പി. പി. ഹസ്സൻ, അഫ്സലുൽഉലമാ. .... 18
7. ഈജിപ്തിൽ പ്രക്ഷോഭണം .... 22
8. വൃസ്യ—പാദരക്ഷകളിന്മേൽ തടകൽ
   — സി. എ. മുഹമ്മദ് മൗലവി. .... 24
9. നബിയുടെ വിജയ രഹസ്യം
   — ഒ. പി. ഹംസ. .... 29
10. മുസ്ലിംകളുടെ കർത്തവ്യമെന്ത്?
   — ഫൈസൽ. .... 31
11. തഖ്‌വാ അഥവാ ദൈവഭക്തി
   — മഹമൂദ് ഹുസൈൻ, പട്ടിക്കാട്ട്. .... 35
12. ഇസ്ലാം—റഷ്യയിൽ
   — കെ. അബ്ദുള്ള. .... 38


# അൽ-മുർശിദ്

(മാസിക)


مكتبة رياض الصالحين الإسلامية
P.O. ... 676507
Via Mekkaraparamba
Mobile: 9447628431
Malappuram
Riyadul - Swaliheen Islamic Library



ചീഫ് എഡിററർ:

E. K. മൌലവി

പബ്ലിഷർ:

മുഹ്സിൻ ബിൻ അഹ്മദ്
B. A., L. T.

ലക്കം 6 1966 ആഗസ്റ്റ് വില: 35 പൈസ.

# പത്രാധിപക്കുറിപ്പ്

## ക്ഷുദ്രജീവികൾ

ഇസ്ലാമിനെയും മുസ്ലിംകളെയും നിർമ്മൂലനംചെയ്യാൻ പ്രതിജ്ഞയെടുത്ത ഒരുപറ്റം ക്ഷുദ്രജീവികളുണ്ട് ഇന്ത്യയിൽ. സ്വാതന്ത്ര്യലബ്ധിക്കുശേഷം വിശേഷിച്ചും അവർ നാട്ടിൻെറ വിവിധ ഭാഗങ്ങളിൽ സംഹാരനൃത്തം ചവിട്ടുകയുണ്ടായി. നിരാലംബരായ മുസ്ലിംകളെ അവർ കൂട്ടക്കൊലചെയ്തു; മുസ്ലിംസമുദായത്തിൽ പിറന്നുവെന്ന ഒറ്റക്കാരണംകൊണ്ട്. ഇസ്ലാമിക സംസ്കാരത്തിന്റെ ഉത്തുംഗഗേഹങ്ങളായ പള്ളികൾ അവർ ചുട്ടുചാമ്പലാക്കി. ജബൽപൂരിലും റൂർക്കലയിലും ജാംഷഡ്പൂരിലും കല്ക്കത്തയിലും ബങ്കാളിലും നടന്ന ഭീകരാക്രമണങ്ങൾ മറക്കാൻ കാലമായിട്ടില്ല. അവിടങ്ങളിലെ തെരുവീഥികളിൽ രക്തത്തിൻെറ പാടുകൾ ഇന്നും തെളിഞ്ഞുകാണാം. നിരപരാധരായ മുസ്ലിംകൾ ഓർക്കാപ്പുറം ആക്രമണത്തിന്നിരയായി. ഹൈന്ദവ വർഗ്ഗീയവാദത്തിന്റെ ദുർഭൂതങ്ങൾ അവരെ വേട്ടയാടി. വൃദ്ധന്മാരും യുവാക്കളും പിടഞ്ഞുമരിച്ചു. അവരുടെ അരുമക്കിടാങ്ങൾ വഴിയാധാരമായി. സ്ത്രീകൾക്ക് വൈധവ്യം സംഭവിച്ചു. വിയർപ്പുചിന്തി സമ്പാദിച്ച വീടും സ്വത്തും കൊള്ളചെയ്യപ്പെട്ടു. സർവ്വോപരി അവരുടെ ആത്മീയ കേന്ദ്രങ്ങളായ പള്ളികൾ തകർക്കപ്പെട്ടു.

പാകിസ്താനിൽ ഹിന്ദുക്കളെ മർദ്ദിച്ചതിന്നുള്ള പ്രതികാരമായിരുന്നുവത്രേ ഇത്! എന്തൊരു വിവേകം!! എത്ര ന്യായയുക്തമായ സിദ്ധാന്തം!!! പാകിസ്താനിലെ ബുദ്ധിശൂന്യർ അവിവേകം പ്രവർത്തിച്ചാൽ അതിന്ന് കണക്കുതീർക്കേണ്ടത് ഇന്ത്യയിലെ നിരപരാധരായ മുസ്ലിംകളോട്! ആട്ടിൻകുട്ടിയോട് കയർത്ത ചെന്നായക്കുപോലും ഉദിക്കാത്ത ബുദ്ധിയാണിത്.



മുസ്ലിം വിദ്വേഷം അവരുടെ രക്തത്തിൽ കലർന്നിട്ട് കാലം ഒത്തിരിയായി. വാസ്തവത്തിൽ അതാണ് അവരെ നയിക്കുന്നത്. മാനുഷിക മര്യാദക്കും സനാതന ധർമ്മങ്ങൾക്കും വിദ്വേഷത്തിൻെറ മുമ്പിൽ സ്ഥാനമില്ല. സാമുദായിക സൗഹാർദ്ദത്തിൻെറ ധീരഭടനായിരുന്ന ഗാന്ധിജിയെ വെടിവെച്ചുകൊന്ന ഗോഡ്സെയെ പൂജിക്കാനും മുഗളർ സ്ഥാപിച്ച ചരിത്ര സ്മാരകങ്ങൾ ഹൈന്ദവരുടെ സംഭാവനയാണെന്ന് തെളിയിക്കാൻ ഗവേഷണം നടത്താനും ഇന്ത്യാചരിത്രത്തിൽ മതസഹിഷ്ണുതയുടെ നൂതനാദ്ധ്യായം രചിച്ച ഔറംഗസീബിനെയും ടിപ്പുസുൽത്താനെയും മതഭ്രാന്തരായി ചിത്രീകരിക്കാനും മുസ്ലിം വിരോധിയായിരുന്ന ശിവജിക്ക് മഹത്വത്തിൻെറ പുഷ്പകിരീടം ചാർത്താനും ഇവർക്ക് പ്രചോദനം നൽകുന്നത് ഇതത്രെ. മുസ്ലിംകൾക്ക് ഇന്ത്യയിൽ സ്ഥാനമില്ലെന്നും ഇന്ത്യ ഹൈന്ദവരുടേതാണെന്നുമാണ് ഈ കുടില ബുദ്ധികളുടെ ജല്പനം. ഇന്ത്യയും പാകിസ്താനും ന്യൂനപക്ഷങ്ങളെ കൈമാറണമെന്ന് ഇവർ മുറവിളികൂട്ടിക്കൊണ്ടിരിക്കുകയാണ്. ഇയ്യിടെയുണ്ടായ ഇന്ത്യാ–പാക് സംഘട്ടനവേളയിൽ ഈ ആവശ്യം പൂർവ്വാധികം ഉച്ചത്തിൽ മുഴക്കുകയുണ്ടായി. മുസ്ലിംകളെ അവർ ജനിച്ചുവളർന്ന മണ്ണിൽനിന്ന് തുടച്ചുനീക്കലല്ലാതെ മറ്റൊരു ലക്ഷ്യവും ഇതിൻെറ പിന്നിലില്ല.

ഇന്ത്യയെ ഹൈന്ദവരാഷ്ട്രമാക്കണമെന്ന ദേശദ്രോഹപരമായ ലക്ഷ്യവുമായി പിന്തിരിപ്പന്മാർ ഇപ്പോൾ പ്രവർത്തനരംഗത്തിറങ്ങിയിരിക്കുകയാണ്. കഴിഞ്ഞ മെയ്മാസത്തിൽ ഗ്വാളിയോറിൽ ചേർന്ന അഖില ഭാരത ഹിന്ദുമഹാസഭയുടെ സുവർണ്ണജൂബിലിസമ്മേളനം ഈ ലക്ഷ്യം ആവർത്തിച്ച് പ്രഖ്യാപിക്കുകയും ആസന്നമായ പൊതു തിരഞ്ഞെടുപ്പിൽ ഇതിനെ ഒരു രാഷ്ട്രീയ പ്രശ്നമാക്കാനും ഈ തത്വത്തിൽ യോജിക്കുന്ന പാർട്ടികളെ പിന്താങ്ങാനും തീരുമാനിക്കുകയുണ്ടായി. ഹൈന്ദവ വർഗ്ഗീയത്വം ഉഗ്രരൂപം പൂണ്ടിട്ടുണ്ടെന്നും ഇന്ത്യൻ മുസ്ലിംകളെ പാടെ വിഴുങ്ങാൻ അത് അവസരം പാർത്ത് കഴിയുകയാണെന്നുമാണ് ഈ വസ്തുതകൾ കാണിക്കുന്നത്.

ഈ പരിതസ്ഥിതിയിൽ താനൂർ കോർമ്മൻ കടപ്പുറത്ത് സമാധാനപ്രിയരായ മുസ്ലിംകളെ ഒരു സംഘം ആയുധധാരികൾ ആക്രമിച്ചുവെന്നും തന്നിമിത്തം ഒരാൾ മരണപ്പെടുകയും ഏതാനുംപേർക്ക് പരുക്കേല്ക്കുകയും ചെയ്തുവെന്നും കേട്ടപ്പോൾ ഞങ്ങൾ നടുങ്ങിയില്ല. വടക്കെ ഇന്ത്യയിൽ നടന്ന കദനകഥകൾ ഓർമ്മയിൽ തളംകെട്ടി നിൽക്കുന്നതുകൊണ്ടാവാം ഇത്. താനൂരിൽ മുമ്പും ആക്രമണമുണ്ടായിട്ടുണ്ട്. കോട്ടക്കലും, തളിപ്പറമ്പിലും അത് ആവർത്തിച്ചു. വിപുലമായ ഒരു

സംരംഭത്തിന്റെ നേരിയ പൊട്ടിത്തെറികളായേ ഈ സംഭവങ്ങളെ ഗണിച്ചുകൂടൂ. 'ഒരു മുസ്ലിം എണ്ണം കുറഞ്ഞാൽ അത്രയും രക്ഷ' എന്നു കരുതുന്നവർ കേരളത്തിലുമുണ്ട്. അവരെ ഉത്തരവാദപ്പെട്ടവർ നിലക്കുനിർത്തിയില്ലെങ്കിൽ എന്തൊക്കെ സംഭവിക്കുമെന്നു കണ്ടറിയണം.

മുസ്ലിംകൾ സമാധാനപ്രിയരാണ്. അവർ ആയുധപരിശീലനം നേടുന്നില്ല. കഠാരിയും കുറുവടിയുമേന്തി പ്രകടനം നടത്തുന്നില്ല. വിമതസ്ഥരെ കുതിരകേറുന്നില്ല. രാജ്യത്ത് രഞ്ജിപ്പും സാമുദായിക സൗഹാർദ്ദവും നിലനില്ക്കണമെന്നാണ് അവരുടെ ആത്മാർത്ഥമായ അഭിലാഷം. ഇത്തരമൊരു വിഭാഗത്തെ വർഗ്ഗീയ ഭ്രാന്തന്മാരുടെ കയ്യേറ്റത്തിൽനിന്ന് രക്ഷിക്കേണ്ട ചുമതല ഭരണനേതൃത്വം വഹിക്കുന്നവർക്കുണ്ട്.

താനൂർപോലെയുള്ള മുസ്ലിം ഭൂരിപക്ഷപ്രദേശങ്ങളിൽ വിരലിലെണ്ണാവുന്ന സാമൂഹ്യ വിദ്രോഹ ശക്തികൾ ആക്രമണം നടത്തുക; മുസ്ലിംകൾ ആത്മസംയമനത്തോടെ അതനുഭവിക്കുക — ഇത് ഭീരുത്വത്തിന്റെയോ ദൌർബ്ബല്യത്തിന്റെയോ ലക്ഷണമല്ല. സമാധാനവാഞ്ഛയുടെ ലക്ഷണമാണ്. പക്ഷെ, ക്ഷമക്കും സമാധാനകാംക്ഷക്കും ചില സീമകളുണ്ടെന്ന് മനസ്സിലാക്കണം.

ഹൈന്ദവ വർഗ്ഗീയവാദികൾ ആയുധപരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിശീലനം നേടുകയും മാരകായുധങ്ങളണിഞ്ഞ് തെരുവീഥികളിലൂടെ പ്രകോപന പ്രകടനം നടത്തുകയും സൗകര്യം കിട്ടുമ്പോൾ തങ്ങളുടെ ആയോധനപാടവം മുസ്ലിംകളുടെ മാറിടങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്ന ആപല്ക്കരമായ രംഗങ്ങൾ തുടരാൻ അനുവദിച്ചുകൂടാ. സാമുദായിക സൗഹാർദ്ദത്തിന്ന് കോടാലിവെക്കുകയും നാട്ടിൽ അനൈക്യവും രക്തച്ചൊരിച്ചലുമുണ്ടാക്കുകയും ചെയ്യുന്ന ഇത്തരം പ്രവർത്തനങ്ങളെ തടയാൻ ഉത്തരവാദപ്പെട്ടവർ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

ഇസ്ലാമിന്നും മുസ്ലികൾക്കുമെതിരിൽ വളർന്നുവരുന്ന ഹൈന്ദവ വർഗ്ഗീയത്വ വിപത്തിനെ മുസ്ലിംകൾ കരുതിയിരിക്കണം. അതോടൊപ്പം എന്തുവിലകൊടുത്തും മതസൗഹാർദ്ദവും സാമുദായിക രഞ്ജിപ്പും നിലനിർത്താൻ ശ്രമിക്കുകയും വേണം. ശാന്തിയിലും സമാധാധത്തിലും വിശ്വസിക്കുന്ന മുസ്ലിംകൾ പ്രകോപനങ്ങൾക്ക് വശംവദരായിക്കൂടാ. ക്ഷമയും ആത്മസംയമനവും സഹിഷ്ണുതയുമാണ് ഏറ്റവും മൂർച്ചയുള്ള ആയുധം. ഏത് ശത്രുവെയും കീഴ്പ്പെടുത്താൻ ഇതിന്ന് സാധിക്കും. സമാധാനപാലനത്തിൽ മുസ്‌ലിംകൾ ഒട്ടും പിന്നിലാവുകയില്ലെന്ന് ഞങ്ങൾക്ക് ദൃഢബോധമുണ്ട്.

---



## കേരളത്തിലെ ഇസ്ലാഹീപ്രസ്ഥാനം — 2.

# റാത്തീബും ഒരു കൊലയും

### ഇ. കെ. മൗലവി

മുസ്ലിംകളിൽ അനാചാരവും അന്ധവിശ്വാസവും കൊടികുത്തി വാഴുന്ന കാലം. ഇസ്ലാമിന്റെ മൗലികസിദ്ധാന്തത്തിന്നു നിരക്കാത്ത പൈശാചികകൃത്യങ്ങൾ നാട്ടിലുടനീളം സ്വൈരവിഹാരം നടത്തുകയായിരുന്നു. അവക്ക് മതച്ചായ നല്കാൻ പണ്ഡിതന്മാരും മുമ്പോട്ടുവന്നു. തൗഹീദിന്റെ രജതരേഖ ജനഹൃദയങ്ങളിൽനിന്ന് ഏറെക്കുറെ അപ്രത്യക്ഷമായി. അവിടെ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കൂരിരുട്ട് വ്യാപിച്ചു.

ഈ ചുറ്റുപാടിലാണ് സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ ജീവിച്ചിരുന്നത്. ക്രിസ്ത്യാനികൾ ഇസ്ലാമിനെ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. ആ തെറ്റിദ്ധാരണകളെ നീക്കുന്നതിലും ക്രിസ്ത്യാനികളുടെ തൊലിയുരിച്ചുകാട്ടുന്നതിലും വ്യാപൃതനായിരുന്നു അദ്ദേഹം. പക്ഷെ സ്വസമുദായത്തിലെ ദയനീയ ചിത്രങ്ങൾ അവഗണിക്കാൻ ആ പരിഷ്കർത്താവിന്ന് എങ്ങനെ കഴിയും? ഇസ്ലാമിന്റെ സുന്ദരാശയങ്ങളെ അതിന്റെ അനുയായികൾതന്നെ കശാപ്പുചെയ്യുകയും വികൃതമാക്കുകയും ചെയ്യുമ്പോൾ ക്രിസ്ത്യാനികളെ ഖണ്ഡിച്ച് സംതൃപ്തിയടയാൻ ആ സമുദായസ്നേഹിക്ക് മനസ്സുവന്നില്ല. മുസ്ലിംകളിൽ കടന്നുകൂടിയ മതവിരുദ്ധാചാരങ്ങളേയും വിശ്വാസങ്ങളേയും എതിർക്കാൻ അദ്ദേഹം രംഗത്തുവന്നു. തികച്ചും പ്രതികൂല പരിതസ്ഥിതിയിൽ ഇതിന്ന് അദ്ദേഹം ധൈര്യപ്പെട്ടത് തന്റെ വിശ്വാസദാർഢ്യവും സേവനൗത്സുക്യവുംകൊണ്ട് മാത്രമാണെന്നുള്ളതിൽ സംശയമില്ല. നാട്ടിൽ നിരാക്ഷേപം നടന്നുവരുന്ന അനാചാരങ്ങൾക്കെതിരിൽ സ്വരമുയർത്താൻപോലും വയ്യാത്ത കാലമായിരുന്നു അതെന്നോർക്കണം.

1919ലാണ് ഞാൻ കൊടുങ്ങല്ലൂരിൽ താമസം തുടങ്ങിയത്. 'ഇവിടെയും അയൽപ്രദേശങ്ങളിലും ചില വഹ്ഹാബികളുണ്ടെന്നും അവരെ സൂക്ഷിക്കണ'മെന്നും അപരിചിതനായ എന്നെ അക്കാലത്തു

ചില സുഹൃത്തുക്കൾ ഉപദേശിക്കുകയുണ്ടായി. അവർ ആരാണെന്നറിയാൻ കൗതുകം ജനിക്കുന്നതു സ്വാഭാവികമാണല്ലോ. സുഹൃത്തുക്കളോട് ഞാൻ അവരെപ്പററി അന്വേഷിച്ചപ്പോൾ നാലഞ്ചാളുകളുടെ പേർ അവർ പറഞ്ഞുതന്നു. ആ കാലഘട്ടത്തെസ്സംബന്ധിച്ചിടത്തോളം തികച്ചും പുത്തനാശയക്കാരനായ ആ 'വഹാബിക'ളെ പരിചയപ്പെടണമെന്നായി എനിക്ക്. അതിന്ന് പ്രയാസമൊന്നും നേരിട്ടില്ല. പരിചയപ്പെട്ടുകമാത്രമല്ല അവരുടെ വാദഗതികൾ ഞാൻ വിശദമായി മനസ്സിലാക്കുകപോലും ചെയ്തു. മൺമറഞ്ഞുപോയ ഔലിയാക്കന്മാരെയും ശൈഖന്മാരെയും വിളിച്ച് സഹായംതേടലും അവരുടെ ഖബറുകളെ പൂജിക്കലും മററും ശിർക്കിൻെറ ഉഗ്രരൂപമാണെന്നായിരുന്നു അവരുടെ വാദത്തിൻെറ പൊരുൾ. ഞാൻ അവരോട് ഇങ്ങനെ ചോദിച്ചു: "നിങ്ങളുടെ നാട്ടിലെ ബഹുഭൂരിപക്ഷത്തിൻെറ വിശ്വാസത്തിന്നെതിരായ ഈ ആശയം നിങ്ങളെ പിടികൂടിയതെങ്ങനെ"? ഇതിന്ന്, കൂട്ടത്തിൽ ഒരാൾ നൽകിയ മറുപടി ഇതായിരുന്നു: "സനാഉല്ലാ മക്തിതങ്ങളാണ് ഞങ്ങളിൽ ഈ ആശയം പ്രചരിപ്പിച്ചത്".

ഞാൻ അയാളോട് കൂടുതൽ വിവരങ്ങൾ ആരാഞ്ഞു. അതിന്നു കിട്ടിയ മറുപടിയുടെ ചുരുക്കം ഇങ്ങനെയാണ്: "മക്തിതങ്ങൾ ക്രിസ്ത്യാനികളുടെ കേന്ദ്രമായ പള്ളിപ്പുറത്തും, കോട്ടപ്പുറത്തും, പറവൂരും ഖണ്ഡനപ്രസംഗം നടത്താറുണ്ട്. പരിപാടി കഴിഞ്ഞാൽ അദ്ദേഹം രാത്രി എൻെറ വീട്ടിൽ വന്ന് താമസിക്കും. അപ്പോഴൊക്കെ അദ്ദേഹത്തിന്ന് ഒരേഒരു വിഷയമേ ഞങ്ങളോട് പറയാനുണ്ടാവൂ. 'ക്രിസ്ത്യാനികൾ ഒരു പ്രത്യേക മതക്കാരാണ്. അവർ എങ്ങനെയെങ്കിലും ജീവിക്കട്ടെ. നമ്മുടെ മുസ്ലിം സഹോദരന്മാരുടെ കാര്യത്തിലാണ് എനിക്ക് വ്യസനം. ഔലിയാക്കന്മാരെയും സാലിഹുകളെയും അല്ലാഹുവിന്റെ സ്ഥാനത്തേക്കുയർത്തുകയും അവരുടെ മഖ്ബറകളിൽ വിളക്കു കത്തിക്കുകയും അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതുപോലെ അവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്ന എത്രയോ മുസ്ലിം സഹോദരന്മാരുണ്ട്. വാസ്തവത്തിൽ ഇതൊക്കെ ശിർക്കിന്റെ തടിച്ച രൂപങ്ങളാണ്'.

ഈ രീതിയിൽ രഹസ്യമായും പരസ്യമായും മക്തിതങ്ങൾ നടത്തിയ ഉപദേശങ്ങളാണ് കൊടുങ്ങല്ലൂരിൽ കുറേ പേരെയെങ്കിലും യഥാർത്ഥ മുവഹ്ഹിദുകളാക്കി മാററിയത്. ചുരുക്കത്തിൽ, കേരളമുസ്ലിംകൾക്കിടയിൽ കടന്നുകൂടിയ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ചങ്കുററത്തോടെ പരസ്യമായി എതിർത്ത ആദ്യത്തെ പരിഷ്കർത്താവ് അദ്ദേഹമാണ്.

മക്തിതങ്ങൾ പ്രസംഗംകൊണ്ടു മാത്രം തൃപ്തിപ്പെട്ടില്ല. മരണശേഷവും തൻെറ പരിഷ്കരണാശയങ്ങൾ നിലനില്ക്കണമെന്ന ഉദ്ദേശത്തോടെ ഏതാനും കൃതികൾ രചിച്ച് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 'കഠോരകുഠാരം', 'നബീനാണയം' 'തണ്ടാൻ കണ്ഠമാല', 'ഫാറഖലീത്താ പോക്കളം', മുതലായ കൃതികൾ ഇതിൽ ചിലതുമാത്രമാണ്. നിർഭാഗ്യമെന്ന് പറയട്ടെ, ഇക്കൂട്ടത്തിൽ 'കഠോരകുഠാര'ത്തിനൊഴികെ മറെറാന്നിനും രണ്ടാംപതിപ്പ് പുറത്തിറങ്ങിയിട്ടില്ല. 'കഠോരകുഠാരം' എറണാകുളം സ്വദേശിയായ സി. കെ. ബാവ എന്ന മാന്യൻ പുനഃപ്രസിദ്ധീകരിക്കുകയുണ്ടായിട്ടുണ്ട്.



മക്തിതങ്ങൾ കോഴിക്കോട് കേന്ദ്രമാക്കി, ഏറനാട് താലൂക്കിന്റെ മിക്ക ഭാഗങ്ങളിലും പ്രസംഗങ്ങൾ നടത്തിയിരുന്നു. അത് ഖണ്ഡന പ്രസംഗങ്ങളായിരുന്നില്ല. ഏറനാട്ടിൽ കർഷകരായ മാപ്പിളമാരും ജന്മികളും തമ്മിൽ ഇടക്കിടെ ഏററുമുട്ടലുകളും വഴക്കുമുണ്ടായിരുന്നുവെന്നുള്ളത് പ്രസിദ്ധമാണല്ലോ. അതിനാൽ സമാധാനത്തെയും സഹവർത്തിത്വത്തെയും കുറിച്ചായിരുന്നു മക്തിതങ്ങളുടെ പ്രസംഗങ്ങൾ. ഇത് പ്രതീക്ഷിച്ചതിലധികം, ജനഹൃദയങ്ങളിൽ ഫലം ചെയ്യുമെന്ന് മനസ്സിലാക്കിയ അന്നത്തെ ഗവമ്മെണ്ടുതന്നെയാണ് 1895–96 കൊല്ലങ്ങളിൽ തങ്ങളെ ഈ പ്രവർത്തനത്തിന്ന് നിയോഗിച്ചിരുന്നത്. ഏറനാട്ടിൻെറ വിവിധ ഭാഗങ്ങളിൽ നിലനിന്നുവന്നിരുന്ന സംഘർഷാവസ്ഥ ദൂരീകരിക്കാനും സൗഹാർദ്ദാന്തരീക്ഷം സൃഷ്ടിക്കാനും അദ്ദേഹത്തിന്റെ സമർത്ഥമായ വാഗ്ധോരണികൾക്ക് സാധിച്ചു.

മക്തിതങ്ങളെക്കുറിച്ച് വിശ്വാസയോഗ്യമായി ലഭിച്ച ഒരു സംഭവം ഇവിടെ പ്രാസംഗികമായി ഉദ്ധരിക്കാം: തങ്ങൾ കായങ്കുളത്തും പരിസരങ്ങളിലും സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്താറുണ്ടെന്ന് നേരത്തെ പ്രസ്താവിച്ചുവല്ലോ. ഒരിക്കൽ ഉദ്ദാറത്ത് തങ്ങൾ ഉണ്ടായിരുന്നു അവിടെ. രിഫാഈ തരീഖത്തുകാരനായ ഒരു ശൈഖായിരുന്നു ഉദ്ദാറത്ത് തങ്ങൾ. അദ്ദേഹത്തിൻെറ മുരീദന്മാർ റാത്തീബൊതി കുത്തുകയും മുറിക്കുകയും ചെയ്യൽ പതിവുണ്ട്. അപ്പോഴൊക്കെ മുറികൂടാറുമുണ്ട്. പക്ഷേ ഒരുദിവസം റാത്തീബിൽ കുത്തുകയും മുറിക്കുകയും ചെയ്തതിനെത്തുടർന്ന് ഒരാൾ മരണപ്പെട്ടുപോയി. പൊന്നാനിയിലെ മഖ്ദൂമും അന്ന് സ്ഥലത്തുണ്ട്.

കാര്യം കുഴപ്പത്തിലായി. ഒരു കൊലപാതകമാണ് നടന്നിട്ടുള്ളത്. പതിവില്ലാത്തവിധം റാത്തീബിൽ ഇത് സംഭവിച്ചത് ആ 'പട്ടാണിത്തങ്ങളു'ടെ പൊരുത്തക്കേടുകൊണ്ടാവണമെന്ന് ഉദ്ദാറത്ത് തങ്ങളും മഖ്ദൂമും സംശയിച്ചു. അവർ ഉടനെ മക്തിതങ്ങളെ സമീപിച്ചു ഇപ്രകാരം പറഞ്ഞു: "തങ്ങളേ! ഇപ്പോൾ ഞങ്ങൾക്ക് അങ്ങയെ മനസ്സിലായി".

തൽക്ഷണം മക്തിതങ്ങൾ തിരിച്ചടിച്ചു: "ഇല്ല. ഇപ്പോഴും മനസ്സിലായിട്ടില്ല. മേലിൽ മനസ്സിലാവുകയുമില്ല. അതിരിക്കട്ടെ. വന്ന കാര്യം പറയൂ".

"ഇവിടെ റാത്തീബ് കഴിക്കുമ്പോൾ അബദ്ധത്തിൽ ഒരു മരണമുണ്ടായിട്ടുണ്ട്. എന്തൊക്കെ സംഭവിക്കുമെന്ന് ആർക്കറിയാം? പോലീസും മജിസ്ട്രേട്ടും ഇപ്പോൾ സ്ഥലത്തെത്തും. അങ്ങ് ഞങ്ങളെ ഇതിൽനിന്ന് രക്ഷിക്കണം" അവർ അപേക്ഷിച്ചു.

തത്സമയം മക്തിതങ്ങൾ അവരോട് ചോദിച്ചു: "നിങ്ങളുടെ ഉപ്പാപ്പ റസൂൽതിരുമേനി ഇതൊക്കെയാണോ പഠിപ്പിച്ചത്? അവിടുന്ന് ഈ രീതിക്കാണോ ഇസ്ലാ മതം പ്രചരിപ്പിച്ചത്"?

"വന്നതെല്ലാം വന്നു. തങ്ങൾ ഞങ്ങളെ രക്ഷിക്കണം" ഇതുമാത്രമായിരുന്നു അവരുടെ മറുപടി.

"ഞാനല്ല രക്ഷിക്കേണ്ടത്; അല്ലാഹുവാണ്". മക്തിതങ്ങൾ അറിയിച്ചു. "പുലരുമ്പോഴേക്കും ഇവിടെ പോലിസും മററും എത്തും. അപ്പോൾ തെല്ലും പരിഭ്രമിക്കരുത്. ധൈര്യമായിരിക്കണം. നിങ്ങൾക്കുവേണ്ടി ഞാൻ സംസാരിച്ചുകൊള്ളാം. തങ്ങളും മുരീദന്മാരും അടുത്തുതന്നെ ഉണ്ടാവണം. ഞാൻ പറയുന്നതുപോലെ പ്രവർത്തിക്കുകയും വേണം".

ഉദ്ദാറത്ത്തങ്ങളും മഖ്ദൂമും വേഗം സമ്മതിച്ചു. അതിരാവിലെ മജിസ്ട്രേട്ടും പോലിസുമെത്തി. മക്തിതങ്ങൾ ഉടനെ അവരെ ചെന്നുകണ്ടു. തത്സമയം മജിസ്ട്രേട്ട് "തങ്ങളുമുണ്ടോ ഇവിടെ" എന്ന് ചോദിച്ചു. "തങ്ങളുടെ തങ്ങന്മാർ ഇവിടെ ഉള്ളപ്പോൾ തങ്ങളും വേണ്ടേ ഇവിടെ"? എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി.

"ആരാണ് തങ്ങളുടെ തങ്ങന്മാർ"? മജിസ്ട്രേട്ട് തിരക്കി.

"ഉദ്ദാറത്തുതങ്ങളും മഖ്ദൂമും".

"അവർ ഇവിടെ ഒരു കൊല നടത്തിയെന്ന് വിവരംകിട്ടിയതനുസരിച്ചാണ് ഞങ്ങൾ വന്നത്".

"അതെ". മക്തിതങ്ങൾ സമ്മതിച്ചു. "അക്കാര്യത്തെപ്പററി സംസാരിക്കാൻ ഞാൻ അങ്ങോട്ട് വരാനൊരുങ്ങിനില്ക്കുകയായിരുന്നു. ഇവർക്ക് ഒരു റാത്തീബുകമ്മമുണ്ട്. അപ്പോൾ കുത്തുകയും മുറിക്കുകയും ചെയ്യും. ഒരപകടവും സംഭവിക്കാറില്ല. പതിവനുസരിച്ചുള്ള റാത്തീബ് നടക്കുമ്പോൾ പുറമെനിന്ന് ഏതോ തെമ്മാടികൾ കേറിവന്ന് കൊല നടത്തുകയാണുണ്ടായത്. അവരെ കണ്ടുപിടിച്ച് അങ്ങ് തക്ക ശിക്ഷനല്കണം".

"അങ്ങനെയാവാനിടയില്ല. റാത്തീബുകാരുടെ കുത്തുകൊണ്ടുതന്നെയാണ് മരണമുണ്ടായതെന്നാണ് എൻെറ വിശ്വാസം". മജിസ്ട്രേട്ട് വിട്ടില്ല.

"എന്നാൽ അത് നമുക്ക് പരിശോധിക്കാം". തങ്ങൾ പറഞ്ഞു. എന്നിട്ട് ഉദ്ദാറത്ത്തങ്ങൾക്ക് റാത്തീബ് തുടങ്ങാൻ നിർദ്ദേശം നല്കി. റാത്തീബുതുടങ്ങി. മജിസ്ട്രേട്ട് അത്ഭുതംവിടർന്ന മിഴികളോടെ അതുനോക്കി നിന്നു. നിശ്ചിതസമയമായപ്പോൾ റാത്തീബുകാർ വെട്ടും കുത്തും തുടങ്ങി. മജിസ്ട്രേട്ട് അന്ധാളിച്ചു. ഉടനെ അദ്ദേഹമപേക്ഷിച്ചു 'തങ്ങളേ! അതൊന്നു നിർത്തണം'.

'നിറുത്തണമെങ്കിൽ ഇവരുടെ വെട്ടും കുത്തും കൊണ്ടല്ല മരണമുണ്ടായതെന്ന് സമ്മതിക്കണമെന്നായി' മക്തിതങ്ങൾ.

'ഞാൻസമ്മതിച്ചു. ഇവരുടെവെട്ടും കുത്തുംകൊണ്ടല്ല മരണമുണ്ടായത്. വേഗം അത് നിർത്താൻ കല്പിക്കണം'. മജിസ്ട്രേട്ട് പറഞ്ഞു.

മക്തിതങ്ങളുടെ നിർദ്ദേശമനുസരിച്ച് റാത്തീബ് അവസാനിപ്പിച്ചു. ഇതോടെ കുഴപ്പവും തീർന്നു.

— തുടരും.

# ദൈവവും മനുഷ്യബുദ്ധിയും

**ശഹീദ് ഹസനുൽബന്ന**

വിവ: മുഹമ്മദ് മദനി

സർവ്വോന്നതനായ അല്ലാഹുവിൻെറ യാഥാർത്ഥ്യം ഗ്രഹിക്കാൻ മനുഷ്യബുദ്ധി അപര്യാപ്തമാണ്. അവൻെറ ചിന്തയിലും അതു ഒതുങ്ങുകയില്ല. കാരണം ബുദ്ധി എത്ര ഉയർന്നാലും അതിന്റെ കഴിവിന്നും അറിവിന്നും പരിമിതിയുണ്ട്. വസ്തുക്കളുടെ യാഥാർത്ഥ്യങ്ങളെ പ്രാപിക്കുന്നതിൽ മനുഷ്യബുദ്ധിക്കുള്ള കഴിവുകേട് ഇവിടെ സവിസ്തരം പ്രതിപാദിക്കുന്നില്ല. ഒരു വസ്തുത മാത്രം ചൂണ്ടിക്കാട്ടാം: യാഥാർത്ഥ്യങ്ങളെക്കുറിച്ച് ഒരു രൂപവുമില്ലാത്ത ധാരാളം വസ്തുക്കളെ നാം ദൈനംദിന ജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. വിദ്യുച്ഛക്തി ഉദാഹരണം. ഇതിനെ നാം ഉപയോഗപ്പെടുത്തുന്നു. ഇതിൻെറ പ്രവർത്തനഫലം നാം അനുഭവിക്കുന്നു. പക്ഷെ വൈദ്യുതിയുടെരൂപം നമുക്കറിഞ്ഞുകൂടാ. ഇന്നത്തെ ഏററവും വലിയ ശാസ്ത്രജ്ഞന്നുപോലും അതിനെക്കുറിച്ചുള്ള അറിവു നിനക്കു പകർന്നുതരാൻ സാദ്ധ്യവുമല്ല. വസ്തുക്കളുടെ യാഥാർത്ഥ്യവും രൂപവുമല്ല കാര്യം. അതിന്റെ സ്വഭാവമെന്ത്, പ്രവർത്തനം ഏതുവിധത്തിൽ, പ്രയോജനം എങ്ങിനെ, അതുമാത്രമേ നമുക്ക് അറിയേണ്ടു. യാഥാർത്ഥ്യം അറിയണമെന്നു നാം ശഠിക്കാറില്ല.

ഇതാണ് നമ്മുടെപതിവെങ്കിൽ മഹാനും സർവ്വോന്നതനുമായ അല്ലാഹുവിൻെറ യാഥാർത്ഥ്യം ഗ്രഹിക്കണമെന്നു ശഠിക്കുന്നത് ബാലിശമല്ലേ? ദൈവത്തിൻെറ യാഥാർത്ഥ്യത്തെപററി ചർച്ചചെയ്തുനിമിത്തം പല ജനസമൂഹങ്ങളും പിഴച്ചുപോയിട്ടുണ്ട്. അവരുടെചർച്ച കുഴപ്പത്തിന്നും അഭിപ്രായ സംഘട്ടനങ്ങൾക്കും വഴിതെളിയിച്ചിട്ടേയുള്ളൂ. എന്തുകൊണ്ടെന്നാൽ, അതിർരേഖയിടാനോ, യാഥാർത്ഥ്യം കണ്ടുപിടിക്കാനോ സാധിക്കാത്ത ഒരു വിഷയത്തെപ്പററിയാണ് അവർ ചർച്ചചെയ്തിരുന്നത്. ദൈവത്തിൻെറ യാഥാർത്ഥ്യത്തെപററി ചിന്തിക്കാതെ അവൻെറ സൃഷ്ടിമാഹാത്മ്യത്തെക്കുറിച്ച് ചിന്തിക്കാൻ നബി(സ) ആജ്ഞാപിച്ചത് ഇതുകൊണ്ടത്രെ.

عن ابن عباس رضي الله عنهما ان قوما تفكروا في الله عزّ وجلّ فقال النبي صلعم: تفكّروا في خلق الله ولا تفكّروا في الله فانكم لن تقدروا قدره

(رواه الاصبهاني في الترغيب والترهيب)

(ചിലർ അല്ലാഹുവെപ്പററി ചിന്തിച്ചു. തത്സമയം നബി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. "നിങ്ങൾ അല്ലാഹുവിൻെറ സൃഷ്ടിജാലങ്ങളെക്കുറിച്ചു ചിന്തിക്കണം. അല്ലാഹുവിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചു ചിന്തിക്കരുത്. അതു ഗ്രഹിക്കാൻ നിങ്ങൾ അശക്തരാണ്."

ഇതു ചിന്താസ്വാതന്ത്ര്യത്തെ തടയലോ, ഗവേഷണത്തെ നിരുൽസാഹപ്പെടുത്തലോ, ബുദ്ധിയുടെ വികാസത്തെ അടിച്ചമർത്തലോ അല്ല. പ്രത്യുത ദുർമ്മാർഗ്ഗത്തിൻെറ പടുകുഴിയിൽ വീഴാതെ മനുഷ്യനെ രക്ഷിക്കലാണ് ഇതിന്റെ ഉദ്ദേശ്യം. ദൈവത്തെ ഗവേഷണവിഷയമാക്കാൻ അവനു എങ്ങിനെ സാധിക്കും? അതിനു സഹായകമായ എന്തു മാർഗ്ഗമുണ്ട് അവന്റെ പക്കൽ? അവൻെറ കഴിവ് അതിനു എത്രമാത്രം ഉപകരിക്കും?

عن ابي هريرة رضي الله عنه قال: قال رسول الله صلعم: لا يزال الناس يتساءلون حتى يقال هذا: خلق الله الخلق فمن خلق الله؟ فمن وجد من ذلك شيئا فليقل: آمنت بالله

(رواه مسلم)

[നബി(സ) പറഞ്ഞു: ജനങ്ങൾ പരസ്പരം ചോദ്യങ്ങളുന്നയിക്കും. ഒടുവിൽ, ചരാചരങ്ങളെയൊക്കെ അല്ലാഹു സൃഷ്ടിച്ചു; ആ അല്ലാഹുവെ സൃഷ്ടിച്ചത് ആർ? എന്നുവരെയെത്തും സ്ഥിതി. ഈ പതനത്തിലെത്തിയാൽ 'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചു' എന്ന് പറഞ്ഞുകൊള്ളണം.]

അല്ലാഹുവിൻെറ യാഥാർത്ഥ്യത്തെപററി ചിന്തിക്കാതിരിക്കണമെന്നാണ് നമ്മോടുള്ള ആജ്ഞ. കാരണം, നമ്മുടെ ബുദ്ധിക്കു അതിന്റേതായ യാഥാർത്ഥ്യംപോലും മനസ്സിലാക്കാൻ പ്രാപ്തിയില്ല. പിന്നെയാണോ സർവ്വശക്തനായ അല്ലാഹുവിന്റെ യാഥാർത്ഥ്യം ഗ്രഹിക്കുന്നത്? ആ സ്ഥിതിക്ക് ഹദീസിൽ സൂചിപ്പിച്ച ചോദ്യം വെറും ബാലിശമാണ്. എങ്കിലും ചിലരുടെ ഹൃദയത്തിൽ സംശയങ്ങൾ രൂപംകൊണ്ടെന്നുവരും. അവക്കു ഒരുദാഹരണത്തിലൂടെ സംഗതി വ്യക്തമാക്കിക്കൊടുക്കാം.

നീ മേശപ്പുറത്ത് ഒരു പുസ്തകംവെച്ചു പുറത്തുപോയി. അല്പം കഴിഞ്ഞു തിരിച്ചുവന്നപ്പോൾ ആ പുസ്തകം മേശവലിപ്പിൽ കിടക്കുന്നതാണ് കണ്ടത്. പുസ്തകം ചലിക്കുകയില്ലെന്നു നിനക്കറിയാം. അതുകൊണ്ട് ആരോ അതെടുത്തു വലിപ്പിൽ വെച്ചതാണെന്നേ നീ വിശ്വസിക്കൂ. അതവിടെ നില്ക്കട്ടെ; ഇനി മറെറാരു വഴിക്ക് ചിന്തിക്കാം. നിൻെറകൂടെ ഓഫീസിൽ ഒരു സുഹൃത്തുണ്ട്. നീ പുറത്തു കടക്കുമ്പോൾ അയാൾ കസേരയിൽ ഇരിക്കുന്നു. മടങ്ങിവന്നപ്പോൾ അയാൾ താഴെ പടത്തിലാണ് ഇരിക്കുന്നതു്. അപ്പോൾ നീ സ്വാഭാവികമായും അയാളുടെ സ്ഥാനമാററത്തെക്കുറിച്ചു ആലോചിക്കില്ല. അയാളെ മററാരോ കസേരയിൽ നിന്നെടുത്തു താഴെവെച്ചതാണെന്നും നീ വിശ്വസിക്കില്ല. സുഹൃത്തിനു സ്വയമേവ ചലിക്കാൻ കഴിയുമെന്നും മററാരുടെ സഹായവും അക്കാര്യത്തിൽ ആവശ്യമില്ലെന്നും നിനക്ക് അറിയുന്നതാണ് ഇതിനു കാരണം.

ഈ വ്യത്യസ്ത രൂപങ്ങൾ മനസ്സിലുറപ്പിച്ചുകൊണ്ട് ഞാൻ പറയുന്നതു ശ്രദ്ധിക്കൂ. പ്രപഞ്ചത്തിൽ നാം കാണുന്ന വസ്തുക്കൾ സ്വയം ഉണ്ടായവയല്ല. അവക്ക് അതിനു ശേഷിയുമില്ല. അപ്പോൾ അവയെ സൃഷ്ടിച്ച ഒരു ശക്തിയുണ്ടാവണം. ആ ശക്തിയാണ് അല്ലാഹു. അവൻ പരിപൂർണ്ണനും സർവ്വശക്തനുമാണ്. പരാശ്രയം ആവശ്യമില്ലെന്നതു് അവൻെറ ഒരു പ്രത്യേകതയത്രെ. അതിനാൽ അവൻ സ്വയം ജാതനാണെന്നും ഒരു സ്രഷ്ടാവിൻെറ ആവശ്യമില്ലെന്നും ഗ്രഹിക്കാൻ നമുക്കു പ്രയാസമില്ല. മേൽ ഉദാഹരണങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ ഇക്കാര്യം കൂടുതൽ



സ്പഷ്ടമാവും. ഇതിൽക്കവിഞ്ഞു് ചിന്തിക്കാൻ മനുഷ്യബുദ്ധി അശക്തമാണ്.

## ശാസ്ത്രജ്ഞന്മാരും, ദൈവവും

ദൈവവിശ്വാസം പ്രകൃതിസഹജമാണ്. നിഷ്കളങ്ക ഹൃദയങ്ങളിൽ അതു് രൂഢമൂലമായിക്കിടക്കുന്നു. തലമുറകളായി നിഷ്പക്ഷബുദ്ധികൾ ദൈവാസ്തിക്യത്തെ സമ്മതിച്ചുപോന്നിട്ടുണ്ട്. ഒരു മതവുമായും ബന്ധമില്ലാത്ത അനേകം യൂറോപ്യൻ ശാസ്ത്രജ്ഞന്മാർ പോലും ഇതിനെ ശരിവെക്കുന്നു. അവരുടെ ഏതാനും പ്രസ്താവനകൾ ചുവടെ ഉദ്ധരിക്കാം. ദൈവാസ്തിക്യത്തിനു തെളിവായിട്ടല്ല, വിശ്വാസസംബന്ധമായി വല്ല സംശയവുമുണ്ടെങ്കിൽ അതിനെ ദൂരീകരിക്കാൻ വേണ്ടി മാത്രമാണ് ഇതു് ഉദ്ധരിക്കുന്നത്.

ഫ്രഞ്ചു ശാസ്ത്രജ്ഞനായ ഡിക്കാർട്ട പറയുന്നു: "ഒരു പരിപൂർണ്ണശക്തിയുടെ അസ്തിക്യം അനിവാര്യമാണെന്നു എനിക്കു പലപ്പോഴും തോന്നാറുണ്ട്. പരിപൂർണ്ണതയുടെ എല്ലാ ഘടകങ്ങളും സമ്മേളിച്ച ആ പരാശക്തി, അഥവാ ദൈവംതന്നെയാണ് എൻെറ ഹൃദയത്തിൽ ഈ ബോധം ഉണ്ടാക്കുന്നതെന്നുള്ളതിൽ സംശയമില്ല."

തൻെറ കഴിവുകേടു സമ്മതിക്കുന്നതിനു പുറമെ ദൈവാസ്തിക്യത്തെ വിളംബരംചെയ്യുകയും അവൻെറ പരിപൂർണ്ണതയെ അംഗീക

രിക്കുകയും ചെയ്യുന്ന ഡീക്കാർട്ട്. ദൈവാസ്തിക്യത്തെക്കുറിച്ചുള്ള ബോധം പ്രകൃതിസഹജമാണെന്നും ദൈവംതന്നെയാണ് അതുണ്ടാക്കുന്നതെന്നുമത്രെ അദ്ദേഹത്തിന്റെ അഭിപ്രായം.

ആകർഷണസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ഐസക് ന്യൂട്ടൺ പ്രഖ്യാപിക്കുന്നു: "പ്രപഞ്ചം ആകസ്മികമായി ഉണ്ടായതാണെന്നും ആകസ്മിക സംഭവങ്ങളാണ് പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതെന്നും വിശ്വസിക്കാൻ ബുദ്ധിക്കു സാദ്ധ്യമല്ല. അതിനാൽ സ്രഷ്ടാവിന്റെ ആസ്തിക്യം സംശയമറ്റതാണ്."

ആംഗലേയ ഗോളശാസ്ത്രജ്ഞനായ ഹർശൽ പറയുന്നു: ശാസ്ത്രം വളരുംതോറും അസാമാന്യ ശക്തിപ്രഭാവമുള്ള ഒരു സ്രഷ്ടാവിന്റെ ആസ്തിക്യത്തെ ബലപ്പെടുത്തുന്ന തെളിവുകൾ വർദ്ധിച്ചുവരികയാണ്. വിവിധ വിഭാഗത്തിൽപെട്ട ശാസ്ത്രജ്ഞന്മാർ വിജ്ഞാനഗോപുരത്തെ പടുത്തുയർത്താനാണ് ശ്രമിച്ചിട്ടുള്ളത്. ഇതു് ദൈവപ്രഭാവമാകുന്ന ഗോപുരമല്ലാതെ മറ്റൊന്നുമല്ല."

മറ്റൊരു ശാസ്ത്രജ്ഞനായ ലിന്നിയ പ്രസ്താവിക്കുന്നത് ഇങ്ങിനെയാണ്: "ദൈവത്തിന്റെ സൃഷ്ടിമാഹാത്മ്യത്തെക്കുറിച്ച് ചിന്തിച്ച് ഞാൻ അമ്പരന്നുപോയി. അവന്റെ ശക്തിയും സൃഷ്ടിവൈദഗ്ദ്ധ്യവും അപാരംതന്നെ. ചെറുതും വലുതുമായ എല്ലാ വസ്തുക്കളിലും ഇതു് തെളിഞ്ഞുകാണാം. നാം പ്രയോജനമുൾക്കൊള്ളുന്ന പ്രപഞ്ചത്തിലെ അസംഖ്യം വസ്തുക്കൾ അവന്റെ കഴിവിന്നും അതിരറ്റ ദയാവാത്സല്യത്തിന്നുമുള്ള പ്രത്യക്ഷോദാഹരണങ്ങളാണ്."

—o—

Phone: 147. Gram: UMMER BEEDI.
മേന്മയിലും ഗുണത്തിലും മികവുറ്റ
കെ. ഉമ്മർ ബീഡി
ഉന്മേഷത്തിന്റെ ഉറവിടം, സംതൃപ്തിയുടെ സാക്ഷാൽക്കാരം
K. UMMER & SONS, TELLICHERRY.
Stockists:-
P. Assoo C/o. Mahe Stores, Palghat-1

# മാർഗ്ഗ വ്യതിചലനം

## ഇസ്ഹാഖ് നദ്‌വി

മുഹമ്മദ്നബി(സ)യുടെ സമുദായം ഇന്ന് ഒരു കൊടും വിപത്തിനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണെന്ന പരമാർത്ഥം, ഇരു ദൃഷ്ടികളും ചിന്താശക്തിയുമുള്ള ആർക്കും വ്യക്തമാകാത്ത കാര്യമല്ല. ആ വമ്പിച്ച അനർത്ഥത്തിന്ന് "ഇൽഹാദ്" (إلحاد) എന്നാണ് അറബിഭാഷയിൽ പറയുക. പ്രസ്തുത നാശത്തിൽ പതിച്ച മുസ്ലിംകളെ അതിൽനിന്നു മുക്തരാക്കി സത്യപന്ഥാവിൽ ചരിപ്പിക്കുന്നതിന്ന് നാം നമ്മുടെ മുഴുകഴിവും കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ആഗ്രഹം സഫലമാക്കാൻ ഉതകിയ നേരായ മാർഗ്ഗം, മേൽപറഞ്ഞ വിപത്തിന്റെ മൂലോത്ഭവ കാരണങ്ങൾ നാം ആദ്യമായി പരിശോധിച്ച് കണ്ടുപിടിക്കുകയും, അനന്തരം ശക്തിയായ പ്രതിരോധം ഏർപ്പെടുത്തുകയും ക്രമത്തിൽ അവയെ ഉന്മൂലനംചെയ്യാൻ പറ്റിയ പരിപാടി കൂലങ്കഷമായി ചിന്തിച്ച് ആസൂത്രണംചെയ്യലുമാണ്. അവ്വിധം ചെയ്യണമെന്നാണ് യുക്തിയും, പ്രമാണവും നമ്മെ പഠിപ്പിക്കുന്നത്.

എന്താണ് 'ഇൽഹാദ്'?

വഴിവിട്ടു സഞ്ചരിക്കുകയെന്നാണ് ഭാഷാർത്ഥം. "പരിശുദ്ധ ദീനുൽഇസ്ലാം നിഷ്കർഷിച്ച യഥാർത്ഥ ജീവിത പന്ഥാവിൽനിന്ന് തെറ്റി ജീവിക്കുക"യെന്നാണ് ദീനീ നിർവ്വചനം. പ്രവാചകപ്രഭു മുഹമ്മദ്(സ) നിർദ്ദേശിച്ചതല്ലാത്ത മറ്റേതു് വിഭാഗത്തിന്റെ മാർഗ്ഗവും ആ നിലക്ക് "ഇൽഹാദ്" തന്നെയാണ്. ഈ അർത്ഥത്തിൽ "റദ്ദുൽമുഖ്താറി"ൽ ഇങ്ങിനെ കാണാം.

والملحد من مال عن الشرع القويم الى جهة من جهة الكفر (ج ٣ باب المرتد)

ഈ അർത്ഥത്തിലുള്ള മാർഗ്ഗവ്യതിചലനമാണ് ഇന്ന് മുസ്ലിം സമുദായത്തെ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിപത്ത്.

എന്നാൽ 'ഇൽഹാദി'ന്ന് പല വകുപ്പുകളുണ്ട്. വ്യതിചലനത്തിന്റെ ഏറ്റവ്യത്യാസമനുസരിച്ച് തൽ വിഷയവും പല പടികളിലായി സ്ഥിതിചെയ്യുന്നു.

1. മതത്തിലെ അനുപേക്ഷണീയങ്ങളായ മൗലിക ഘടകങ്ങളിൽനിന്ന് വ്യതിചലിച്ചുകൊണ്ട് വ്യക്തമായും നിഷേധം പ്രകടിപ്പിക്കുക. പരലോക നിഷേധം,

ഖുർആനിക വചനങ്ങൾ അട്ടിമറിക്കൽ എന്നിവ അതിന്നുദാഹരണങ്ങളാണ്; ഇതു് നിസ്സംശയം വ്യക്തമായ "രിദ്ദത്ത്" (മതപരിത്യാഗം)തന്നെയാണ്.

2. മതത്തിന്റെ മുഖ്യാംശങ്ങളിൽ നിഷേധമോ സംശയമോ പ്രകടിപ്പിക്കില്ല. പക്ഷെ നിഷേധത്തിന്നു നിദാനമായ പ്രസ്താവനകൾ ചെയ്യും. അവ സത്യനിഷേധത്തിന്നു വഴിതെളിയിക്കും. ഇത്തരക്കാരിൽ 'കുഫ്റ്' (സത്യനിഷേധം) കൊണ്ട് വിധിപ്രസ്താവിക്കുന്നതിന്ന് പണ്ഡിതന്മാർ മുതിർന്നിട്ടില്ല. മാത്രമല്ല 'പ്രവാചകത്വ പരിസമാപ്തിയെ നിഷേധിക്കുക'പോലുള്ള തെററായ വിശ്വാസപ്രഖ്യാപനങ്ങൾ ഉണ്ടാകുന്നതുവരെ മുസ്ലിമായിതന്നെ ഗണിച്ചു് വരികയാണ്.

3. മൌലിക ഘടകങ്ങൾ നിഷേധിക്കുകയില്ലെന്നു് മാത്രമല്ല, വിശ്വസിക്കുകയും സമ്മതിക്കുകയും ചെയ്യും. എങ്കിലും ചില ഖുർആനിക വചനങ്ങളെയും നബിവചനങ്ങളെയും മുൻഗാമികൾ സ്വീകരിച്ച അവയുടെ ബാഹ്യാർത്ഥങ്ങളിൽനിന്നു് തെററിച്ച് ദുർവ്യാഖ്യാനത്തിന്നു് വിധേയമാക്കും. ഉദാഹരണമായി പരലോകം, സ്വർഗ്ഗം, നരകം എന്നിവ സത്യമാണെന്നു് സമ്മതിക്കുമെങ്കിലും ആത്മീയമായ സുഖദു:ഖങ്ങളാണവകൊണ്ട് ഉദ്ദേശമെന്നും, മറെറാരു ലോകത്തു് സംഭവിക്കുന്ന യാഥാർത്ഥ്യമല്ലെന്നും വിശ്വസിക്കും.

അവയുടെ പ്രമാണങ്ങളെ ആലങ്കാരിക പ്രയോഗമാണെന്നു് സമർത്ഥിക്കും. ഒന്നാമതു് പറഞ്ഞ വ്യതിചലനരൂപത്തിന്റെ അടുത്ത പടിയിലുള്ള ഒരുതരം വ്യതിചലനമാണിതും. ഇത്തരം വിശ്വാസിയെ (കാഫിർ) സത്യനിഷേധി എന്നു് പറയാവതല്ലെങ്കിലും നവീനാശയക്കാരനും ദുർമ്മാർഗ്ഗിയും അഹ്ലുസ്സുന്നത്തു് വൽ-ജമാഅത്തിൽ നിന്നു് ബഹിഷ്കൃതനുമാണ്.

4. ആവശ്യഘടകങ്ങൾ നിഷേധിക്കുകയോ മുൻഗാമികളായ സച്ചരിതരെ അനുഗമിക്കുന്നതിൽനിന്നു് വിട്ടുമാറുകയോ ഇല്ല. എങ്കിലും പൂർവ്വികർ ഒന്നടങ്കം ശരിയും പരമാർത്ഥവുമായംഗീകരിച്ചിട്ടുള്ളതും യുക്തിാധിഷ്ഠിതവുമായി സ്ഥിരീകരിക്കപ്പെട്ടതുമായ ചില വിശ്വാസകാര്യങ്ങളെ നിഷേധിക്കും. ഉദാഹരണമായി പരിണാമസിദ്ധാന്തമായ ഡാർവിനിസം സത്യമെന്നു വിശ്വസിക്കുകയും മനുഷ്യോത്ഭവം ആദമിൽനിന്നാണെന്നതിനെ നിഷേധിക്കുകയും ചെയ്യും.

ആദമിനെ സംബന്ധിച്ച ഖുർആനിക വചനങ്ങളെ അവയുടെ ബാഹ്യമായ ഉദ്ദേശത്തിന്നെതിരായി വ്യാഖ്യാനിച്ച് പ്രസ്തുത സിദ്ധാന്തത്തിന്നു് രേഖയാക്കി മാററും. ഇത്തരക്കാരനും നവീനാശയവാദിയും യഥാർത്ഥ മുസ്ലിം സമൂഹത്തിൽനിന്നു് ബഹിഷ്കൃതനുമാണ്.



5. അടിസ്ഥാനാശയങ്ങൾ നിഷേധിക്കാൻ ധൃഷ്ടനാകുകയില്ല. എങ്കിലും ഗവേഷണത്തിന്നു പഴുതില്ലാത്തവിധം പ്രമാണങ്ങളുടെ ബാഹ്യരൂപംകൊണ്ട്തന്നെ മുൻഗാമികളാൽ അംഗീകരിക്കപ്പെട്ടതും അവരാൽ സമ്മതിക്കപ്പെട്ടതുമായ ചില ശാഖാപ്രശ്നങ്ങളെ നിഷേധിക്കും. ബഹുഭാര്യത്വത്തെ നിഷേധിച്ചുകൊണ്ടു് ചില പരിഷ്കാരികൾ പറയാറുള്ളതു് അതിന്നുദാഹരണമാണ്. " ഇതു് പ്രവാചകന്റെ കാലത്തിനു് മാത്രമുള്ളതാണ്. സ്ഥലവും, കാലവും പരിതസ്ഥിതിയുമനുസരിച്ച് വ്യത്യാസപ്പെട്ടുത്തേണ്ടതാണിതു്." ഇയാൾ ദുർമ്മാർഗ്ഗിയാണെന്നതിൽ സംശയമില്ല.

മുകളിൽ വിവരിച്ച ഇർഹാദിന്റെ വിവിധ ഇനങ്ങൾ ഒന്നല്ലെങ്കിൽ മറെറാന്നു് ഇക്കാലത്തെ മുസ്ലിം ബഹുജനങ്ങളിൽ കാണാൻ കഴിയും. ഹദീസ്ശരീഫിൽ വിവരിച്ചതു്പോലെ "ഒരു സുപ്രഭാതത്തിൽ മുസ്ലിമായിരുന്ന മനുഷ്യൻ അതേ സായാഹ്നത്തിൽ അമുസ്ലിമായി അവസ്ഥാന്തരപ്പെടുന്നു. അതുപോലെ സന്മാർഗ്ഗചാരിയായ മനുഷ്യൻ ദുർമ്മാർഗ്ഗിയായി പരിണമിക്കുന്നു." ഇതൊരു മഹാ വിപത്തുതന്നെയല്ലേ?

(വിവ: അബ്ദുല്ലാഹ്)

KAJA COMPANY, CHOWGHAT

KERALA STATE.

നിത്യവും ദശലക്ഷക്കണക്കിൽ വിൽക്കപ്പെടുന്ന **കാജാ ബീഡി** പുകവലിക്കാരന്റെ മനസ്സിനു് ഉന്മേഷവും, ഉണർവ്വും നൽകുന്നതോടൊപ്പം പതിനായിരക്കണക്കിനു് കുടുംബങ്ങൾക്കു് തൊഴിൽ നൽകുകയും ചെയ്യുന്നു.

പുകവലിക്കുവേണ്ടി ഉപയോഗിക്കുന്ന മററു് ഏതിനെക്കാളും കൂടുതൽ ഉന്മേഷവും, ആനന്ദവും **കാജാ ബീഡി** നൽകുന്നു.

# പരസ്പരവിശ്വാസത്തിന്ന് ഒരു മാതൃക

എം. മുഹമ്മദ്, മൂടംബയൽ

ഇസ്‌ലാമിന്റെ ആദ്യകാലം. നബി(സ)യും അനുയായികളും മദീനയിൽവെച്ച് പ്രബോധന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭം. ദൂരെ ചക്രവാളത്തിൽ വിജയത്തിന്റെ വെള്ളിരേഖ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. നാൾക്കുനാൾ ഇസ്ലാമിന്റെ അംഗസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കയാണ്. അനുദിനമെന്നോണം അറേബ്യയുടെ വിവിധ ഭാഗങ്ങളിൽനിന്നു് നിവേദകസംഘങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

ഹിജാസിന്റെ കിഴക്കുഭാഗത്തു അധിവസിക്കുന്ന ഒരു ഗോത്രമാണ് ബനൂസഅദ്. മുഹമ്മദ് നബി(സ)യേയും ഇസ്ലാമിനേയും കുറിച്ചുള്ള വാർത്ത അവരുടെ കാതിലുമെത്തി. അതിനെക്കുറിച്ച് അനുകൂലമായും പ്രതികൂലമായുമുള്ള സംസാരം അവർക്ക് കേൾക്കാൻ കഴിഞ്ഞു. ഇത്രയുമായപ്പോൾ സംഗതിയുടെ യാഥാർത്ഥ്യമറിയണമെന്നു് അവർക്കു തോന്നി. അതിന്നായി നബിയുടെ അടുത്തേക്ക് ഒരു നിവേദകസംഘത്തെ ഉടനെ അയക്കാൻ അവർ തീരുമാനിച്ചു.

ഗോത്രത്തലവനായ സിമാമുബ്നുസഅലബഃയുടെ നേതൃത്വത്തിലുള്ള ബനൂസഅദിന്റെ നിവേദകസംഘം നബി(സ)യുടെ സവിധത്തിലെത്തി. തിരുമേനി(സ) അനുചരന്മാർക്ക് ഉപദേശം നല്കിക്കൊണ്ടിരുന്ന സന്ദർഭത്തിലായിരുന്നു ഇത്.

“മുഹമ്മദ് എവിടെ?” സിമാമ് അന്വേഷിച്ചു.

സഹാബികൾ നബി(സ)യെ കാണിച്ചുകൊടുത്തു. “അതാ, ചാരിയിരിക്കുന്ന ആ വെളുത്ത മനുഷ്യൻ.”

സിമാമ് നബി (സ)യുടെ അടുത്തു ചെന്നിരുന്നു.



സിമാമ്:– എടോ, അബ്ദുൽ മുത്തലിബിന്റെ പുത്രാ!

നബി:- (പുഞ്ചിരിച്ചുകൊണ്ടു) എന്താ വിശേഷം?

സിമാമ്:– ചില പ്രധാന കാര്യങ്ങൾ ചോദിച്ചറിയാനാണ് ഞാൻ വന്നത്. വിരോധമില്ലെങ്കിൽ ചോദിക്കട്ടെ.

നബി:– ചോദിച്ചോളൂ.

സിമാമ്:– ദൈവത്തെക്കൊണ്ടു സത്യംചെയ്തു ഞാൻ ചോദിക്കുന്നു. ദൈവം നിയോഗിച്ച പ്രവാചകൻതന്നെയാണോ നിങ്ങൾ?

നബി:– അല്ലാഹുവാണ; ഞാൻ പ്രവാചകൻതന്നെ.

സിമാമ്:– നിത്യം അഞ്ചു പ്രാവശ്യം നമസ്ക്കാരം നിർവ്വഹിക്കാൻ അല്ലാഹു കൽപ്പിച്ചിരിക്കുന്നുവെന്നു് താങ്കൾ പറയുന്നതു് സത്യമാണോ?

നബി:– അല്ലാഹുവാണ; സത്യംതന്നെയാണ്.

സിമാമ്:– ഒരുമാസം വ്രതമനുഷ്ഠിക്കാൻ അല്ലാഹു കൽപ്പിച്ചിരിക്കുന്നുവെന്നു് പറയുന്നതു് സത്യമാണോ?

നബി:– അല്ലാഹുവാണ; സത്യംതന്നെയാണ്.

സിമാമ്:– ധനവാന്മാരിൽനിന്നു് സക്കാത്തു് ശേഖരിച്ചിട്ടു സാധുക്കളിലതു് വിതരണം ചെയ്യാൻ അല്ലാഹു കൽപ്പിച്ചിരിക്കുന്നുവെന്നു് താങ്കൾ പറയുന്നതു് സത്യമാണോ?

നബി:– അല്ലാഹുവാണ; അതു സത്യംതന്നെ.

സിമാമ്:– എങ്കിൽ ഞാനിതാ ഈ നിമിഷത്തിൽതന്നെ താങ്കളിലും താങ്കളുടെ നാഥനിലും വിശ്വസിക്കുന്നു. ഇനി ഞാൻ പോകട്ടെ. എന്റെ ജനതക്കും ഈ സത്യം അറിയിച്ചുകൊടുക്കട്ടെ. ബനൂസഅദ് ഗോത്രത്തിന്റെ നേതാവായ സിമാമുബ്നു സഅലബഃയാണ് ഞാൻ.

മനുഷ്യനു് മനുഷ്യനിലുള്ള വിശ്വാസമാണിത്. ഒരു മനുഷ്യനെന്ന നിലക്ക് നബി(സ)യുടെ വാക്കുകളിൽ സിമാമിന്നു് വിശ്വാസമുണ്ടായിരുന്നു. അവിടുന്നു് അല്ലാഹുവിന്റെ ദൂതനാണെന്നു് വിശ്വസിക്കണമെങ്കിൽ എന്തെങ്കിലും മുഅ്ജിസത്തു് കാണിച്ചേ പറ്റൂ എന്നു് അയാൾ ശഠിച്ചില്ല. ഭൂമി ചുരുട്ടിക്കാണിക്കണമെന്നോ, ആകാശം ഉരുട്ടിക്കാണിക്കണമെന്നോ അയാൾ ആവശ്യപ്പെട്ടില്ല. ഇതാണ് എക്കാലത്തേയും സൽബുദ്ധികളുടെ സ്വഭാവം.

(മൂലാശയം, ബുഖാരിയുടെ ഒരു ഹദീസ്)

## മുസ്ലിം ലോകം

# ആഫ്രിക്കയിൽ ഇസ്ലാമിൻെറ ഭാവി

### പി. പി. ഹസ്സൻ, അഫ്സലുൽ ഉലമാ

**ആ**ഫ്രിക്കൻ ഭൂഖണ്ഡത്തിലെ ജനസംഖ്യയിൽ ഒരു വലിയ ഭൂരിപക്ഷത്തെ അവിടത്തെ മുസ്ലിംകൾ പ്രതിനിധീകരിക്കുന്നു. ഇരുപത്തഞ്ച് കോടിവരുന്ന ആഫ്രിക്കക്കാരിൽ പതിനഞ്ചു കോടിയും മുസ്ലിംകളത്രെ. അമുസ്ലിം നിവാസികളിൽ അധികപക്ഷവും ഒരു പ്രത്യേകമതത്തിന്റെ അനുയായികളല്ലെന്ന വസ്തുത ഇസ്ലാമിക പ്രചരണത്തിന്നാവൻകരയിലുള്ള അനുകൂലമായ ചുറ്റുപാടിനെയാണ് കുറിക്കുന്നത്. മറെറാരു വൻകരയിലും ഇസ്ലാമിന്ന് കൈവരാത്ത അനുകൂല സാഹചര്യങ്ങളും സന്ദർഭങ്ങളും ആഫ്രിക്കയിലുണ്ടെന്നതാണ് വാസ്തവം. ദൗർഭാഗ്യമെന്ന് പറയട്ടെ, ഇസ്ലാമിൻെറ ശത്രുക്കൾ അതിന്നെതിരായി സകല പ്രകാരേണയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത സാഹചര്യങ്ങൾ യഥോചിതം ഉപയോഗപ്പെടുത്താത്തപക്ഷം അവ എന്നെന്നേക്കുമായി നഷ്ടപ്പെട്ടുവാനുള്ള സാദ്ധ്യതയും ഇല്ലാതില്ല. ഏതായാലും അടുത്ത ഏതാനും വർഷങ്ങൾ ഈ ഭൂഖണ്ഡത്തിൽ ഇസ്ലാമിനെ സംബന്ധിച്ചേടത്തോളം നിർണ്ണായകമായിരിക്കുമെന്ന് പറയാം.

### പ്രതികൂലസാഹചര്യങ്ങൾ:

മൊത്തം ജനസംഖ്യയിൽ മുസ്ലിംകളുടെ ഈ മികവ് ചില പ്രദേശങ്ങളിൽ 90 ശതമാനം വരെ എത്തുമെങ്കിലും പലപ്പോഴും അമുസ്ലിം ന്യൂനപക്ഷത്താൽ ഭരിക്കപ്പെടുകയെന്ന ഗതികേടിലാണ് മുസ്ലിംകൾ ചെന്നുപെട്ടിട്ടുള്ളത്. ഇതിന്ന് കാരണങ്ങൾ പലതാണ്. നൂറ്റാണ്ടുകളായി ആഫ്രിക്കക്കാരെ അടക്കി ഭരിച്ചിരുന്ന കോളനി ശക്തികളുടെ ഭരണനയം കാരണമായോ, തങ്ങളുടെ സന്താനങ്ങളെ മിഷ്യനറിവിദ്യാലയങ്ങളിലയച്ചാൽ



അവരുടെ മതപരമായ അസ്തിത്വം നഷ്ടപ്പെട്ടുമെന്ന ഭയത്താലോ, ആധുനിക വിദ്യാഭ്യാസത്തിൽനിന്ന് മുസ്ലിംകൾ അകന്നുനിന്നുവെന്നതാണ് അവയിലൊന്ന്. ഉദ്യോഗമണ്ഡലത്തിലെ ജീവൽപ്രധാനമായ കേന്ദ്രങ്ങളിൽ മുസ്ലിംകൾ കയറിക്കൂടുകയും കോളനിശക്തികൾ അധികാരക്കൈമാററം നടത്തിയപ്പോൾ സ്വാഭാവികമായും അമുസ്ലിം കരങ്ങളിൽ അവയേല്പിച്ചുകൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തുവെന്നതായിരുന്നു ഇതിന്റെ പരിണിതഫലം.

മതവും രാഷ്ട്രവും തമ്മിൽ ബന്ധമില്ലെന്ന ധാരണനിമിത്തം ഇസ്ലാമിക ശക്തികൾ യോജിക്കണമെന്ന ചിന്താഗതിക്ക് പ്രാമാണ്യം ലഭിക്കാതെ പോകുകയും മുസ്ലിംകൾ വിഭിന്ന രാഷ്ട്രീയ സംഘടനകളിലായി പരസ്പരം വഴക്കടിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇസ്ലാമിന്റെ ശക്തികളുടെ ഏകീകരണം തടയാനായി തല്പരകക്ഷികൾ കെട്ടിച്ചമച്ച ഒരബദ്ധധാരണയായിരുന്നു അത്.

ചില മുസ്ലിം സംഘടനകൾ ഇസ്ലാമിൻെറ സുന്ദരരൂപത്തെ അലങ്കോലപ്പെടുത്തുന്ന വിധം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിൽ അടിയുറക്കുവാൻ സഹായകമായ നിലപാട് കൈക്കൊള്ളുക കാരണം നവീന തലമുറ ഇസ്ലാമിക സീമയിൽനിന്ന് കുതറിച്ചാടി. ഇസ്ലാമികാദ്ധ്യാപനങ്ങളെക്കുറിച്ചുള്ള അജ്ഞതനിമിത്തം ജീവിതത്തിന്റെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പുത്തൻ ഭൗതിക പ്രസ്ഥാനങ്ങളിൽ പരിഹാരം കണ്ടെത്തുവാൻ അവർ ശ്രമിച്ചു. കാലത്തിന്റെ മാറ്റമോ മുസ്ലിംകളുടെ ആനുകാലിക പ്രശ്നങ്ങളോ കണക്കിലെടുക്കാതെ മുരത്ത യാഥാസ്ഥികത്വത്തെ പ്രതിനിധീകരിക്കുന്ന ഒരുവിഭാഗം ഒരുവശത്തു. പുതിയതിനെയെല്ലാം വാരിപ്പുണരാൻ വെമ്പുന്ന, ആത്മീയ–ധാർമ്മിക ചിന്താഗതിയിൽനിന്ന് അനുനിമിഷം മോചനം നേടിക്കൊണ്ടിരുന്ന തീവ്ര ഭൗതികവാദികൾ മറുവശത്ത്; കലങ്ങിയ കുളത്തിൽനിന്ന് മീൻ പിടിക്കാൻ അവസരംപാർത്തിരിക്കുന്ന ഇസ്ലാമിന്റെ ബദ്ധവൈരികൾ സമീപംതന്നെയുണ്ടുതാനും. ഇതാണ് ആധുനിക മുസ്ലിം ആഫ്രിക്കയുടെ കരളലിയിയിക്കുന്ന ചിത്രം.

### മിഷനറി പ്രസ്ഥാനം:

ഒന്നര നൂററാണ്ടിനുമുമ്പ് ക്രൈസ്തവ മിഷ്യനറികൾ ആഫ്രിക്കയിൽ കാലെടുത്തുവെച്ചതുമുതൽ ആഫ്രിക്കക്കാരെ—അമുസ്ലിംകളെയും അല്ലാത്തവരെയും— ക്രൈസ്തവീകരിക്കുകയെന്ന ഏകലക്ഷ്യം മുന്നിൽവെച്ചുകൊണ്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മുസ്ലിംകളുടെ വിശ്വാസപ്രമാണങ്ങളെ താറടിച്ച് കാണിക്കുകയും രാഷ്ട്രീയമായും സാമൂഹ്യമായും അവരെ ദുർബ്ബലരാക്കുകയുമാണ് അവർ കൈക്കൊണ്ട പ്രധാന പ്രവർത്തനോപാധി. ചില മുസ്ലിം രാജ്യങ്ങളുൾപ്പെടെ മിക്ക ആഫ്രിക്കൻ നാടുകളുടെയും ആധിപത്യം ഒരുപിടി ക്രൈസ്തവരുടെ

കയ്യിലമർന്നിരിക്കയാണെന്ന വസ്തുത ഈ സംരംഭം പരാജയപ്പെട്ടിട്ടില്ലെന്നാണ് കാണിക്കുന്നത്. പ്രത്യക്ഷത്തിൽ ഭൂതദയാപരമെന്ന് തോന്നുന്ന വിദ്യാലയങ്ങൾ, ആസ്പത്രികൾ, അഗതിമന്ദിരങ്ങൾ മുതലായവ സ്ഥാപിക്കുകയും സന്ദർഭം വരുമ്പോൾ അവ തങ്ങളുടെ ഗൂഢ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കുകയും ചെയ്യുകയെന്ന പഴയ അടവുകൾതന്നെയാണ് അവരിപ്പോഴും പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്.

എന്നാൽ ഏഷ്യനാഫ്രിക്കൻ നാട്ടുകളിൽ കോളണിഭരണത്തിന്നെതിരായുള്ള കൊടുങ്കാററ് ആഞ്ഞടിക്കുകയും പല ആഫ്രിക്കൻ രാജ്യങ്ങളും സ്വതന്ത്രമാകുകയും ചെയ്യുമ്പോൾ മിഷ്യനറികൾക്ക് തങ്ങളുടെ പ്രവർത്തനം ദുഷ്കരമായനുഭവപ്പെട്ടു. മിഷ്യനറികളും കൊളോണിയലിസ്റ്റുകളും തമ്മിൽ പണ്ടേ നിലവിലുണ്ടായിരുന്ന ബന്ധവും വെള്ളക്കാരന്റെ മതമെന്ന നിലയിൽ ക്രിസ്തുമതം അറിയപ്പെടുന്നതും അതിന്ന് കാരണങ്ങളായിരുന്നു. എങ്കിലും കോളണി മേധാവികളുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും ക്രിസ്തുമതം കറുത്തവന്റെയും മതമാണെന്നുമുള്ള പ്രചാരവേല അവർ ഉഗ്രമാക്കിയിരിക്കയാണ്.

ക്രൈസ്തവതത്വത്തിൽ അടിയുറച്ച ലൈബീരിയയെപ്പോലുള്ള ചില രാഷ്ട്രങ്ങൾ ആഫ്രിക്കയിൽ മിഷ്യനറി പ്രവർത്തനത്തിന്ന് താങ്ങും തണലുമായി വർത്തിക്കുന്നുണ്ട്. ഇസ്ലാമികവ്യവസ്ഥിതി വേരൂന്നിയ കേന്ദ്രങ്ങളിൽ നിന്നുകൊണ്ട് ആഫ്രിക്കക്കാർ മുഖേന ഇസ്ലാമികപ്രചരണം നടത്താത്തപക്ഷം ക്രിസ്തുമതത്തിന്ന് ആഫ്രിക്കയിലുണ്ടായ അതേ അനുഭവം ഇസ്ലാമിന്നും വന്നേക്കാനിടയുണ്ട്. ഭാഗ്യവശാൽ ഇസ്ലാമിന്റെ വേരുകൾ വൻകരയിൽ വളരെ ആഴത്തിൽ ചെന്നിറങ്ങിയിട്ടുണ്ടെന്നത് ആശ്വാസകരമത്രെ.

### കൊളോണിയലിസം:

മുമ്പ് പ്രസ്താവിച്ചപോലെ മിഷ്യനറിസവും കൊളോണിയലിസവും സന്ദർഭംപോലെ ഒളിഞ്ഞും തെളിഞ്ഞും ആഫ്രിക്കയിൽ ഒരേ ലക്ഷ്യത്തിന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മിഷ്യനറികൾ ആഫ്രിക്കക്കാരുടെ മതവും സംസ്കാരവും പാരമ്പര്യവും നിഷ്കാസനം ചെയ്ത് ഒരാത്മീയശൂന്യത സംജാതമാക്കുമ്പോൾ, കൊളോണിയലിസം ഈ ശൂന്യതയെ ചൂഷണം ചെയ്ത് അതിനെ സംബന്ധിച്ചിടത്തോളം അഭികാമ്യമായ ചില ഫലങ്ങളുളവാക്കുന്നു. സ്വാതന്ത്ര്യ സമരകാലത്ത് തങ്ങളുടെ താളത്തിനൊത്ത് തുള്ളുന്ന ചില ദേശീയ നേതാക്കളെ എഴുന്നള്ളിക്കാൻ മിഷ്യനറിമാർക്ക് സാധിച്ചു. അവരെ സൈനികസഹായമടക്കമുള്ള ബഹുമുഖോപാധികളാൽ തുണക്കുവാൻ കോളണി മേധാവികൾ തയാറായി നില്ക്കുകയാണ്.

### ഇസ്രായീൽ:

ആഫ്രിക്കയിൽ മൂന്നാമത്തെ പ്രധാന ശക്തിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇസ്രായീൽ ഉപരിപ്രസ്താവിതമായ രണ്ട് ശക്തികളിൽനിന്നും തീരെ ഒറ്റപ്പെട്ടതാണെന്ന് ധരിക്കുന്നത് അബദ്ധമായിരിക്കും. ഇസ്ലാമിന്റെ ബദ്ധശത്രുവായ ജൂതപ്രസ്ഥാനം പ്രസ്തുത ശക്തികളെ കൂട്ടുപിടിച്ചില്ലെങ്കിലേ അത്ഭുതമുള്ളു. ഒരുവശത്തുകൂടി ഇസ്ലാമിന്റെ പ്രചാരത്തിൽ വിറളിപൂണ്ട ക്രൈസ്തവ കേന്ദ്രങ്ങളെ വശീകരിച്ചുകൊണ്ടിരിക്കുന്ന സിയോണിസ്റ്റുകൾ, മറുവശത്തുകൂടി ഫലസ്തീൻ ഒരു നിസ്സാര രാഷ്ട്രീയ പ്രശ്നമാണെന്ന പ്രചാരവേലയിലൂടെ മുസ്ലിം സാധാരണക്കാരെയും പാട്ടിലാക്കാൻ കൊണ്ടുപിടിച്ച് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

### രജതരേഖകൾ:

അന്ധകാരാവൃതമായ ഈ ചുറ്റുപാടിലും ഇസ്ലാമിക പ്രവർത്തകർക്ക് ആശയും ആവേശവും നൽകിക്കൊണ്ട് ചില വെള്ളിനക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നുണ്ട്.

1. ദക്ഷിണാഫ്രിക്കയിലും റൊഡേഷ്യയിലും അവശേഷിച്ച കോളണിമേധാവിത്വവും ആഫ്രിക്കൻ ജനതയും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന നിരന്തരമായ സമരം ഐക്യരാഷ്ട്രസഭക്കകത്തും പുറത്തുമുള്ള മുസ്ലിം അറബിനാട്ടുകളുടെ നേരെ ആശാപൂർവ്വം നോക്കാൻ ആഫ്രിക്കക്കാരെ പ്രചോദിതരാക്കുന്നു. ഇസ്ലാമികൈക്യത്തെ അരക്കിട്ടുറപ്പിക്കാനും മുസ്ലിം ആഫ്രിക്കയുടെ നല്ല ഭാവിക്കുവേണ്ടിയും ഈ സന്ദർഭം ഉപയോഗപ്പെടുത്തേണ്ടതാവശ്യമാണ്.

2. വെള്ളക്കാരനായ കോളണി മേധാവിയുടെ മതമാണ് ക്രിസ്തുമതമെന്ന് ആഫ്രിക്കൻ സാധാരണക്കാരന്റെ ഹൃദയത്തിലടിയുറച്ച ധാരണ ക്രിസ്തുമതപ്രചരണത്തിൽ ഒരു വിഘാതമായി ഇന്നും നിലകൊള്ളുകയാണ്. ഈ അവസരം മുസ്ലിംകൾ പാഴാക്കിയാൽ അവർ ഖേദിക്കേണ്ടിവരും.

3. ആഫ്രിക്കയിലെ ബഹുദൈവാരാധകരെ ഇസ്ലാമിലേക്കാകർഷിക്കാൻ നടത്തുന്ന ആസൂത്രിതമായ ഏത് സംരംഭവും വിജയിക്കുമെന്ന് അനുഭവം പഠിപ്പിക്കുന്നു.

4. സ്വാതന്ത്ര്യം പ്രാപിച്ചുകഴിഞ്ഞ മുസ്ലിം രാഷ്ട്രങ്ങൾ പരസ്പരം നല്ല ബന്ധം പുലർത്താൻ ആഗ്രഹിക്കുന്നുവെന്നത് അവയുടെ ഭൂമിശാസ്ത്രപരമായ കിടപ്പിനെ കണക്കിലെടുക്കുമ്പോൾ പ്രത്യേകിച്ചും ശുഭോദർക്കമത്രെ.

വിശാലമായ മുസ്ലിം ലോകത്തിന്റെ വിവിധ കോണുകളിലുള്ള മുസ്ലിംകൾ ഇത്തരം യാഥാർത്ഥ്യങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കേണ്ടതാണ്. ആഫ്രിക്കൻ ഭൂഖണ്ഡത്തെ ആവരണം ചെയ്തിരിക്കുന്ന ഭീഷണമായ ആപത്തുകളെ – മിഷ്യനറി കൊളോണിയലിസ്റ്റ് സിയോണിസ്റ്റ് ത്രിശക്തികളുടെ വെല്ലുവിളിയെ – യഥാവസരം മനസ്സിലാക്കി പാവപ്പെട്ട ആഫ്രിക്കൻജനതയെ രക്ഷിക്കാൻ നാം ഏകീഭാവത്തോടെ മുന്നോട്ടുവരാത്തപക്ഷം ആധുനിക മുസ്ലിം ആഫ്രിക്കയുടെ ചരിത്രം ഒരു ട്രാജഡിയായി പരിണമിക്കുമെന്നകാര്യത്തിൽ സംശയമില്ല.

(മുസ്ലിം വേൾഡ് ലീഗിന്റെ ഒരു പ്രസിദ്ധീകരണത്തിൽനിന്ന്)

# ഈജിപ്തിൽ പ്രക്ഷോഭണം

ഈജിപ്തിൽ ഇപ്പോൾ പൊതുജനരോഷം ആളിക്കത്തുകയാണ്. ഗ്രാമപ്രദേശങ്ങളിൽ പ്രത്യേകിച്ചും. നാസിറിന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ഗവണ്മെണ്ടിന്റെ ഭീകരവാഴ്ച ഈജിപ്ഷ്യൻ ജനതയെ ക്ഷുഭിതരാക്കിട്ടുണ്ട്. നാട്ടിലെ രാഷ്ട്രീയസ്ഥിതി അവലോകനംചെയ്യാൻ ഇയ്യിടെ ചേർന്ന ഭരണകർത്താക്കളുടെയും ഉദ്യോഗസ്ഥമേധാവികളുടെയും കോൺഫ്രൻസിൽ മുൻ പ്രധാനമന്ത്രിയും സോഷ്യലിസ്റ്റ് ലീഗിന്റെ ജനറൽസിക്രട്ടരിയുമായ അലി സബ്‌രി തന്നെ അസ്വസ്ഥതയോടെ ഇക്കാര്യം അനുസ്മരിക്കുകയുണ്ടായി. ജനകീയ പ്രക്ഷോഭങ്ങൾ ആപൽ സൂചനയാണെന്നും രാഷ്ട്രം കരുതിയിരിക്കണമെന്നും അദ്ദേഹം താക്കീതുചെയ്തു.

ഗവണ്മെണ്ടിനെതിരിൽ വിപ്ലവം സംഘടിപ്പിക്കുന്ന "പിന്തിരിപ്പന്മാ"രെ ഒന്നടങ്കം കൽത്തുറുങ്കിലടക്കണമെന്നും അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടണമെന്നും പിന്തിരിപ്പൻ പ്രവർത്തനത്തെ ശക്തിപൂർവ്വം നേരിടണമെന്നുമാണ് കുറച്ചുദിവസംമുമ്പ് ഗവണ്മെണ്ട് നിയന്ത്രണത്തിലുള്ള "അൽ–ജുംഹുരിയ്യ" ദിനപത്രം ആവശ്യപ്പെട്ടത്. 'പിന്തിരിപ്പൻ' പ്രക്ഷോഭണങ്ങളെ അടിച്ചമർത്തണമെന്ന് ഈജിപ്തിലെ മറെറാരു സായാഹ്ന ദിനപത്രവും നിർദ്ദേശിക്കുകയുണ്ടായി.

ഭരണാധികാരികളേയും പത്രങ്ങളേയും ഉൽക്കണ്ഠപ്പെടുത്താൻ മതിയായ സംഭവങ്ങളാണ് ഈ വേനൽക്കാലാരംഭത്തോടെ ഈജിപ്തിൽ നടന്നത്. ക്ഷുഭിതരായ ജനാവലി പലേടങ്ങളിലും പ്ലേക്കാർഡുകൾ വഹിച്ച് ഗവണ്മെണ്ടിനെതിരിൽ പ്രകടനം നടത്തി. സ്ത്രീകളും കുട്ടികളും പങ്കെടുത്ത ബഹുജന മുന്നേററങ്ങളായിരുന്നു അവ. കിംശീശ്, മിനിയാ, ഫയ്യൂം എന്നീ ഗ്രാമങ്ങളിലെ നിവാസികൾ നാസിറിന്റെ മൂന്നു അനുയായികളെ കൊല്ലുകപോലും ചെയ്തു. സലാഹ് ഹുസൈൻ (സോഷ്യലിസ്റ്റ് ലീഗ് മെമ്പർ) ദസ്‌തുഖി അഹമ്മദ് (സോഷ്യലിസ്റ്റ് ലീഗ് മെമ്പർ) അബ്‌ദുൽഹക്കീം ഹമ്മാദ (കാർഷികോദ്യോഗസ്ഥൻ) എന്നിവരാണ് കൊല്ലപ്പെട്ടവർ.

കിംശീശ് ഗ്രാമത്തിൽ ചേർന്ന സോഷ്യലിസ്റ്റ് ലീഗിന്റെ ഒരു യോഗത്തിൽ പ്രസംഗിക്കുകയായിരുന്ന സലാഹ് ഹുസ്സയിൻ. ഗ്രാമത്തിലെ ഗവണ്മെണ്ട് വിരുദ്ധ പ്രവർത്തനങ്ങളെ അദ്ദേഹം അപലപിക്കുകയും താനിതു ഗവണ്മെണ്ടിന്ന് റിപ്പോർട്ട് ചെയ്യുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇതോടെ ജനങ്ങൾ ഇളകി.



"നാസിർ ഗവർമ്മെണ്ട് തുലയട്ടെ" എന്നാർത്തുവിളിച്ച് അവർ പ്രകടനം നടത്തി. പിറ്റേന്നു ഒരജ്ഞാതൻ സലാഹ് ഹുസ്സയിനെ വെടിവെച്ചുകൊന്നു. വിപുലമായ അന്വേഷണം നടത്തിയെങ്കിലും ഘാതുകനെ കണ്ടുപിടിക്കാൻ ഗവണ്മെണ്ടിന്നു കഴിഞ്ഞില്ല. അന്വേഷണവേളയിൽ താനാണ് കൊലനടത്തിയതെന്ന് ഗ്രാമീണർ ഓരോരുത്തരായി മൊഴിനല്കി. ഇതു ഗവർമ്മെണ്ടിനെ കൂടുതൽ അലട്ടുകയാണ് ചെയ്തത്. ഗ്രാമീണർ മരണത്തെ അവഗണിക്കുന്നവരാണെന്നും എന്തിനെയും നേരിടാൻ അവർ ഒരുങ്ങിയിട്ടുണ്ടെന്നുമാണ് ഈ മൊഴി തെളിയിക്കുന്നത്. ഒടുവിൽ കൂട്ടറസ്റ്റിന്നു ഗവർമ്മെണ്ട് ഉത്തരവിട്ടു. കിംശീശ് ഗ്രാമത്തിലെയും പരിസരങ്ങളിലെയും 800ൽപരം ആളുകളെ ഇതുസംബന്ധിച്ച് പോലീസ് കസ്റ്റഡിയിലെടുത്തു.

പക്ഷെ കുഴപ്പം മൂർഛിച്ചതേയുള്ളു. അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ മിനിയാഗ്രാമത്തിലും ഇത്തരം ഒരു സംഭവമുണ്ടായി. ദസ്‌തുഖീ അഹ്‌മദ് എന്ന പേരുള്ള ഒരു നാസിർ അനുകൂലി കൊല്ലപ്പെട്ടു. ഫയ്യൂമിലും ഒരു ഗവണ്മെണ്ട വക്താവിനെ—അബ്ദുൽ ഹക്കീം ഹമ്മാദയെ—കൊന്നുകൊണ്ട് ജനങ്ങൾ ഗവണ്മെണ്ടിനോടുള്ള രോഷം പ്രകടിപ്പിച്ചു. നാസിറും അനുയായികളും പ്രക്ഷോഭണക്കൊടുങ്കാററിൽപെട്ടു ആടിയുലയുകയാണെന്നാണ് ഈ സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നത്.

(അന്നദ്‌വ)

Phone: 32 P. B. No. 50

**അവ ഫലിച്ചിട്ടില്ലെങ്കിൽ!**

വിവിധ ചികിത്സകൾ നടത്തുകയും പരസ്യംചെയ്തുകാണുന്ന മരുന്നുകൾ സേവിക്കുകയും ഓപ്പറേഷൻ ചെയ്യിക്കുകയുംചെയ്തിട്ടും അർശസ്സ് (മൂലക്കുരു) ഭഗന്ദരം, ഗുദം പുറത്തുചാടൽ എന്നീ രോഗങ്ങൾ സുഖപ്പെട്ടിട്ടില്ലെങ്കിൽ ഒരു അവസാനക്കൈയ്യെന്നോണം ഒന്നു **ഡോക്ടർ സലീമിനെ** കാണുക. നിരാശപ്പെട്ടിരുന്ന പലർക്കും **സലീം പൈൽസ് നർസിംഗ് ഹോമി**ലെ ചികിത്സകൊണ്ടു ശാശ്വതസുഖം കിട്ടിയിട്ടുണ്ട്. ഇവിടെ തപ്പാൽ വഴി മരുന്നുകളയച്ചുകൊടുക്കുക പതിവില്ല. ഡോക്ടരുടെ സാന്നിദ്ധ്യത്തിൽ ഫലപ്രദവും ഓപ്പറേഷനില്ലാത്തതുമായ ചികിത്സ നൽകപ്പെടുന്നതാണ്.

**സലീം പൈൽസ് നർസിങ്ങ് ഹോം,**

**കോർട്ട് റോഡ്, തലശ്ശേരി.**

നബിചര്യയിലൂടെ

# വുസൂ — പാദരക്ഷകളിന്മേൽ തടകൽ

സി. എ. മുഹമ്മദ് മൗലവി

വുസൂവിൽ കാലുകൾ കഴുകൽ നിർബ്ബന്ധമാണെന്നറിഞ്ഞു വല്ലോ. എന്നാലതു് നഗ്നമായ കാലുകളായിരിക്കുമ്പോഴാണ്. അവ പാദരക്ഷകളിലായിരിക്കുമ്പോൾ അതിന്റെ മീതെ തടകിയാൽ മതിയാകും. നേരത്തെ ഉദ്ധരിച്ച ആയത്തിലെ وأرجلكم എന്ന വാക്കിനെ ലാമിന്നു് 'ഇകാര'മായി വായിക്കുമ്പോൾ അതുകൊണ്ടുള്ള വിവക്ഷ പാദരക്ഷകളിന്മേൽ തടകലാണെന്നും പറയപ്പെട്ടിരിക്കുന്നു.

خُفّ എന്ന വാക്കിനാണ് പാദരക്ഷ എന്നു് തർജ്ജമ കൊടുത്തതു്. ഞെരിയാണികൾകൂടി മൂടുന്ന തരത്തിലുള്ളതാണ് خفّ

നമ്മുടെ നാട്ടിൽ നടപ്പില്ലാത്ത ഒരു സംഗതിയാണ് പാദരക്ഷകളിന്മേൽ തടകലും അവ അണിഞ്ഞു് നമസ്കരിക്കലും. അഴുക്കും പൊടിയും പററാതെ സൂക്ഷിച്ചു വരുന്നവയും, കാലുകൾ കഴുകിമാത്രം അകത്തു് പ്രവേശിക്കപ്പെടുന്നവയുമായ നമ്മുടെ പള്ളികളിൽ പാദരക്ഷ ധരിച്ചുകൊണ്ടു ആരും പ്രവേശിക്കാറില്ലല്ലോ. പള്ളിയല്ലാത്ത സ്ഥലങ്ങളിൽനിന്നു് നമസ്കരിക്കുമ്പോഴും അതു് ചെയ്യുകാണാറില്ല. പാദരക്ഷകളിന്മേൽ തടകിയശേഷം അഴിച്ചെങ്കിൽ കാലുകൾ കഴുകേണ്ടിയുംവരും; തടകിയതുകൊണ്ടു് ഫലമില്ല. റസൂൽ ചെയ്തിട്ടുള്ളതും, ചെയ്യാൻ പറഞ്ഞിട്ടുള്ളതുമായ ഒരു സുന്നത്താണെന്നുള്ളതുകൊണ്ടാണ് ഈ വിഷയത്തെക്കുറിച്ചു് എഴുതുന്നതു്.

ഈ വിഷയകമായി വന്നിട്ടുള്ള ഒരു ഹദീസ് ഇങ്ങിനെയാണ്:

عن عمر (رض) موقوفا وعن انس مرفوعا إِذَا تَوَضَّأَ أَحَدُكُمْ فَلَبِسَ خُفَّيْهِ فَلْيَمْسَحْ عَلَيْهِمَا وَلْيُصَلِّ فِيهِمَا وَلَا يَخْلَعْهُمَا إِنْ شَاءَ إِلَّا مِنْ جَنَابَةٍ

(اخرجه الدّارقطنى والحاكم وصححه)



ഉമർ (റ) വിൽനിന്നു് അദ്ദേഹത്തിന്റെ വാക്കായും അനസ് (റ) വിൽനിന്നു് റസൂൽതിരുമേനി (സ) പറഞ്ഞതായും ഇങ്ങിനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു:-

"നിങ്ങളിലാരെങ്കിലും വുസൂചെയ്തു് പാദരക്ഷകൾ خُفَّيْنِ ധരിച്ചാൽ (പിന്നെ വുസൂ ചെയ്യുമ്പോൾ) അതിന്മേൽ തടകുകയും അതു് ധരിച്ചുകൊണ്ടു് നമസ്കരിക്കുകയും അതു് ഊരാതിരിക്കുകയും ചെയ്തുകൊള്ളട്ടെ; അവൻ ഇച്ഛിച്ചെങ്കിൽ; ജനാബത്തുണ്ടായാൽ ഒഴികെ".

കാൽ കഴുകലടക്കമുള്ള വുസൂ ചെയ്തതിന്നുശേഷം خفّ കൾ ധരിച്ചെങ്കിലേ, പിന്നീടു് വുസൂചെയ്യുമ്പോൾ അവകളിന്മേൽ തടകാവൂ എന്നു് ഈ ഹദീസിൽനിന്നു് വ്യക്തമാകുന്നുണ്ടല്ലോ. ഇതിലെ فَلْيَمْسَحْ (തടകട്ടെ) وَلْيُصَلِّ (നമസ്കരിക്കട്ടെ) എന്നിവ, കല്പനയുടെയും وَلَا يَخْلَعْ (ഊരാതിരിക്കട്ടെ) എന്നതു് നിരോധത്തിന്റെയും രൂപങ്ങളാണെങ്കിലും അവക്കു ശേഷം إِنْ شَاءَ (അവൻ ഇച്ഛിച്ചെങ്കിൽ) എന്ന വാക്കുള്ളതുകൊണ്ടു് ആ കല്പനാ നിരോധങ്ങൾ നിർബ്ബന്ധത്തിന്റേതല്ലെന്നു് ഗ്രഹിക്കാം. ജനാബത്തുണ്ടായാൽ മാത്രമേ خفّ കൾ അഴിച്ചു് കാലുകൾ കഴുകേണ്ടതുള്ളുവെന്നും ഈ ഹദീസിൽനിന്നു് ലഭിക്കുന്നു. മറ്റൊരു ഹദീസ് ഇങ്ങിനെയാണ്:

عن صفوان بن عسّال (رض) قال أَمَرَنَا يعنى رسول الله صلعم أَنْ نَمْسَحَ عَلَى الْخُفَّيْنِ إِذَا نَحْنُ أَدْخَلْنَاهُمَا عَلَى طُهْرٍ، ثَلَاثًا إِذَا سَافَرْنَا وَيَوْمًا وَلَيْلَةً إِذَا أَقَمْنَا، وَلَا نَخْلَعَهُمَا مِنْ غَائِطٍ وَلَا بَوْلٍ وَلَا نَوْمٍ، وَلَا نَخْلَعَهُمَا إِلَّا مِنْ جَنَابَةٍ

(رواه احمد وابن خزيمه وقال الخطابى هُوَ صحيح الاسناد)

സഫ്‌വാനുബിൻ അസ്സാൽ(റ) പറയുകയാണ്:- "ഞങ്ങൾ ശുദ്ധിയോടുകൂടി കാലുകളെ خفّ കളിൽ പ്രവേശിപ്പിച്ചാൽ ഞങ്ങൾ യാത്രയിലായിരിക്കുമ്പോൾ മൂന്നുദിവസവും നാട്ടിൽ താമസിക്കുമ്പോൾ ഒരു പകലും രാവും അതിന്മേൽ തടകുവാനും, കാഷ്ടിക്കുകയോ, മൂത്രിക്കുകയോ ഉറങ്ങുകയോ ചെയ്താൽ അതു് ഊരാതിരിക്കുവാനും ജനാബ

ത്തുണ്ടായാലൊഴികെ അത് ഊരേ
ണ്ടെന്നും റസൂൽ (സ. അ) ഞങ്ങ
ളോട് കല്പിച്ചു".

ഈ ഹദീസിൽ തടകുന്നതിന്നു
ള്ള സമയപരിധി നിർണ്ണയിച്ചിരി
ക്കുന്നു. ഒരിക്കൽ വുസൂചെയ്ത്
خف കളിട്ടാൽ യാത്രയിലായിരിക്കു
മ്പോൾ മൂന്നുദിവസവും നാട്ടിലാ
യിരിക്കുമ്പോൾ ഒരു ദിവസവും ത
ടകാം; അതിലേറെക്കാലം പാടി
ല്ല; പിന്നെയും വുസൂചെയ്യുമ്പോൾ
പാദരക്ഷകളൂരി കാലുകൾ കഴുക
ണം. ഈ പരിധികൾക്കുള്ളിൽ
വുസൂമുറിയുന്ന കാര്യങ്ങളുണ്ടായാൽ
വുസൂചെയ്യുമ്പോൾ പാദരക്ഷകളൂ
രി കാലുകൾ കഴുകേണ്ടതില്ല; എ
ന്നാൽ ജനാബത്തുണ്ടായാൽ കുളി
യിൽ അതഴിച്ച് കാലുകൾ കഴുകു
കതന്നെ വേണംഎന്നെല്ലാം ഈ
ഹദീസ് കാണിക്കുന്നു. കാഷ്ഠി
ക്കൽ, മൂത്രിക്കൽ, ഉറക്കം എന്നി
വയേ ഹദീസിൽ പറഞ്ഞിട്ടുള്ളു
വെങ്കിലും വുസൂ മുറിയുന്ന കാര്യങ്ങ
ളുണ്ടായാലും അവപോലെയാണെ
ന്നും അപ്രകാരംതന്നെ ജനാബ
ത്തേ ഹദീസിൽ പറഞ്ഞിട്ടുള്ളുവെ
ങ്കിലും കുളിക്കേണ്ട മററു കാര്യ
ങ്ങളുണ്ടായാലും ജനാബത്തുണ്ടാ
യാലത്തെപ്പോലെ വേണമെന്നും
ഈ ഹദീസ് ഉണർത്തുന്നുണ്ട്.

( مَجْمُوع ص: ٤٨٠ — ١ )

മുസാഫിറിന്ന് മൂന്ന് ദിയസവും
നാട്ടിൽ താമസിക്കുന്നവന്ന് ഒരു
ദിവസവുമാണ്തടകുന്നതിന്നവ
ദിക്കപ്പെട്ട പരിധിയെന്ന് കാണി
ക്കുന്ന ഏററവും ബലപ്പെട്ട ഹദീ
സുകൾ വേറെയുമുണ്ട്. സമയപ
രിധിയില്ല; എത്ര ദിവസം വേണ
മെങ്കിലും خف കളിന്മേൽ തടകാ
മെന്ന് പറയുന്നവരുമുണ്ട്. അവ
രുടെ അഭിപ്രായത്തിനാസ്പദമായി
പറയപ്പെട്ടുന്ന ഹദീസ് തെളിവി
ന്ന് മതിയായതല്ല.

خف കൾ അഴിച്ചാൽ വുസൂ നി
ഷ്ഫലമാകുമോ? അതല്ല കാലു
കൾ കഴുകിയാൽ മതിയോ? അ
തുമല്ല, കാൽ കഴുകാതെ നമസ്കരി
ക്കാമോ? ഇത് മൂന്നും ഓരോ അ
ഭിപ്രായങ്ങളാണ്. ഇമാം ശാഫി
ഈയുടെയും മററും അഭിപ്രായം
കാലുകൾ കഴുകിയാൽ മതിയെന്നാ
ണ്. രണ്ടാമത് വുസൂ ചെയ്യണ
മെന്നും ശാഫിഈ പറഞ്ഞതായി
വന്നിട്ടുണ്ട്. വുസൂവിൽ മുവാലാ
ത്ത് (ഇടവിടാതെചെയ്യൽ) നിർ
ബ്ബന്ധമാണെന്ന് പറയുന്നവരാ
ണ് വുസൂ മുറിയുമെന്ന് പറയുന്ന
വർ. കാലുകൾ പാദരക്ഷകളിലാ
യിരിക്കുമ്പോൾ അതിന്മേൽ തടക
ലാണ് സാക്ഷാൽ ഫർളെന്നും
അത് കഴുകുന്നതിന്ന് ബദലല്ലെ
ന്നും പറയുന്നവരാണ് കാലുകൾ
ഊരിയാൽ അത് കഴുകാതെതന്നെ
നമസ്കരിക്കാം എന്ന പറയുന്നത്.
'ശാരിഅ്' ഒന്നും പറഞ്ഞിട്ടില്ലാ
ത്ത ഒരു വിഷയമാണിത്.

ഇതുപോലെതന്നെ خف കൾക്കു
കീറലോ ഓട്ടയോ ഉണ്ടായാൽ അ
തിന്മേൽ തടകാൻ പാടില്ല, പാട്ടു
ണ്ട്, കുറഞ്ഞതായാൽ പാടുണ്ട്,
അല്ലെങ്കിൽ ഇല്ല, എന്നിങ്ങനെ
പല അഭിപ്രായങ്ങളുമുണ്ട്. ഹദീ
സിൽ خُفّ എന്ന് പറഞ്ഞിട്ടുള്ള
തിന്ന് പരിപൂർണ്ണമായ خُفّ എന്ന
വെക്കേണ്ടതാണെന്നും അതിനാൽ
തുളയും കീറലുമൊന്നുമുണ്ടാകാൻ
പാടില്ലെന്നുമാണ് ഒരുകൂട്ടരുടെ
വാദം. കുറച്ചൊക്കെയുണ്ടായാൽ
തരക്കേടില്ലെന്നാണ് മററുചിലർ
പറയുന്നത്. അതണിഞ്ഞു നടക്ക
ന്നതിന്ന് തടസ്ഥമില്ലാത്ത കീറലു
കളായാൽ അതുകൊണ്ട് തരക്കേ
ടില്ലെന്നാണ് شافعى ഇമാമിന്റെ
قديم ആയ (പഴയ) അഭിപ്രായം.
خف എന്ന പേർപറയുന്നതായാൽ
മതിയെന്നാണ് امام ثورى പറയു
ന്നത്. അദ്ദേഹം പറയുകയാണ്:
"നബിയുടെ സഹാബികളായ മു
ഹാജിറുകളുടെയും അൻസാരികളു
ടെയും പാദരക്ഷകൾ മററുള്ളവരു
ടേതുപോലെ പൊട്ടും കീറലുമൊ
ന്നുമില്ലാത്തവയായിരുന്നില്ല. കീറി
യതിന്മേൽ തടകിക്കൂടാ എന്നുണ്ടെ
ങ്കിൽ അത് അവരിൽനിന്ന് നി
വേദനം ചെയ്യപ്പെട്ടുമായിരുന്നു".
ഈ വാക്യം ഉദ്ധരിച്ചതിന്നുശേഷം
ഇബ്നുറുശ്ദ് ഇങ്ങിനെ
പറഞ്ഞിരിക്കുന്നു: "ഇത് شارع
ഒന്നും പറയാതെ വിട്ടിട്ടുള്ള ഒരു
സംഗതിയാണ്. ഇത് പരക്കെ
അനുഭവപ്പെടാറുള്ള ഒരു കാര്യമാ
യിരിക്കെ ഇതിനെക്കുറിച്ച് വല്ല
വിധിയുമുണ്ടെങ്കിൽ നബി(സ.അ)
അത് വിവരിച്ചുതരുമായിരുന്നു.



'ജനങ്ങൾക്കായി ഇറക്കപ്പെട്ടതി
നെ നീ അവക്ക് വിവരിച്ചുകൊടു
ക്കുവാൻവേണ്ടി' എന്നാണല്ലോ ന
ബിയോട് അല്ലാഹു പറഞ്ഞിട്ടു
ള്ളത്".

പാദരക്ഷകളുടെ പുറഭാഗമാണ
തടകേണ്ടതെന്ന് ഹദീസുകൾ ബ
ലപ്പെട്ടുവന്നിരിക്കുന്നു. ഒരു ഹദീ
സ് ഇങ്ങിനെയാണ്:

عن على رضى الله عنه قال لَوْ كَانَ
الدِّيْنُ بِالرَّأْيِ لَكَانَ أَسْفَلُ
الْخُفِّ أَوْلَى بِالْمَسْحِ مِنْ
أَعْلَاهُ لَقَدْ رَأَيْتُ رسول الله
صلعم يَمْسَحُ على ظَاهِرِ خُفَّيْهِ
(رواه ابوداود والدارقطنى قال الحافظ
فى التلخيص اسناده صحيح )

"ആലോചന–തോന്നൽ – കൊ
ണ്ടുള്ളതാണ് മതമെങ്കിൽ പാദര
ക്ഷയുടെ അടിഭാഗമായിരുന്നു മുക
ൾഭാഗത്തെക്കാൾ തടകുവാൻ ഏ
ററവും അർഹതയുള്ളത്. റസൂൽ
തിരുമേനി (സ. അ) തന്റെ പാദ
രക്ഷകളുടെ ഉപരിഭാഗം തടകുന്ന
തായിട്ടാണ് ഞാൻ കണ്ടിട്ടുള്ളതു"
എന്നാൽ റസൂൽ (സ. അ) അടിയും
തടകിയെന്നുള്ള ഹദീസ് സഹീ
ഹല്ല. ഇബ്നുഉമർ അങ്ങിനെ
ചെയ്തിട്ടുണ്ടെന്ന് ശാഫിഈയും

ബൈഹഖിയും നിവേദനം ചെയ്തിരിക്കുന്നു. സഅ്ദുബ്നു അബീവഖാസും അങ്ങിനെ ചെയ്തതായി നിവേദനമുണ്ട്, ഇനി റസൂൽ അങ്ങിനെ ചെയ്തിട്ടുണ്ടെന്നതന്നെ വന്നാലും അതും നാം ഉദ്ധരിച്ച ഹദീസുംതമ്മിൽ വൈരുദ്ധ്യമില്ല. ചിലപ്പോൾ അങ്ങിനെയും ചെയ്തിട്ടുണ്ടെന്നുവെച്ചാൽ മതിയല്ലോ.

തടകലിന്റെ ആകൃതിയും ചുരുങ്ങിയപക്ഷം എത്രതടകണമെന്നും വ്യക്തമാക്കുന്ന യാതൊരു ഹദീസും നബി (സ. അ) യിൽനിന്ന് ബലപ്പെട്ടുവന്നിട്ടില്ല. എന്നാൽ ഇബ്നുഉമർ (റ) വലത്തെ കൈ, കാൽവിരലുകളുടെ മുകൾഭാഗത്തും ഇടത്തെ കൈ, മടമ്പിന്റെ താഴ്ഭാഗത്തും വെക്കുകയും വലംകൈ തണ്ടങ്കാൽവരേയും ഇടങ്കൈ കാൽവിരലുകളുടെ അറ്റം വരേയും നടത്തുകയും ചെയ്തിരുന്നതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

അബൂഹനീഫയുടെ പക്കൽ മൂന്ന് കൈവിരലുകളുടെയത്ര തടകൽ നിർബ്ബന്ധമാണെന്നാണുള്ളത്. خف ന്റെ അധികഭാഗം തടകണമെന്ന് അഹമദുബിൻ ഹംബൽ പറയുന്നു. തടകൽ എന്ന് പേർ പറയാവുന്നത്രയേ നിർബ്ബന്ധമുള്ളുവെന്നു ശാഫിയിൽനിന്നു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

മുൻ ഹദീസിൽ പറഞ്ഞ കല്പന നിർബ്ബന്ധത്തിനേതല്ലെന്ന് പറഞ്ഞുവല്ലോ. അതിനാൽ പാദരക്ഷകളിന്മേൽ തടകുകയു തടകാതിരിക്കുകയും ആവാം. എന്നാൽ ഏതാണ് أَفْضَل (അത്യുത്തമം)? തടകലാണെന്ന് ചിലരും, അല്ല, പാദരക്ഷയൂരി കാൽ കഴുകലാണെന്ന് മറ്റുചിലരും പറയുന്നു. നബി (സ. അ) വുസുചെയ്യുന്ന അവസരത്തിൽ തന്റെ കാലുകൾ പാദരക്ഷകളിലാണെങ്കിൽ അവ കഴുകുവാനായി പാദരക്ഷകൾ ഊരാറില്ല; അവ നഗ്നങ്ങളാണെങ്കിൽ തടകുവാനായി അവ ഇടാറുമില്ല. അതിനാൽ അങ്ങനെ ചെയ്യലാണ് അത്യുത്തമം എന്ന് പറയലാണ് ഇക്കാര്യത്തിൽ ഏറ്റവും ന്യായമായ വാക്കെന്നു തന്റെ ഗുരുനാഥൻ പറഞ്ഞതായി ഇബ്നുഖയ്യിം പറഞ്ഞിരിക്കുന്നു.

---

**അടുത്ത ലക്കത്തിൽ**

"കേരളത്തിലെ ഇസ്ലാഹീ പ്രസ്ഥാനം" എന്ന ലേഖനത്തിന്റെ തുടർച്ച

**ഹമദാനി തങ്ങൾ.**

# നബിയുടെ വിജയ രഹസ്യം

ഒ. പി. ഹംസ

ഇരുപത്തിമൂന്നു കൊല്ലംകൊണ്ട് ശാന്തസുന്ദരമായ ഒരാദർശസ്റ്റൈറ്റ് സ്ഥാപിച്ച നബിയുടെ ചരിത്രത്തിന്നു മറ്റെവിടെയെങ്കിലും മാതൃക കാണില്ലെന്ന് വന്നേക്കാം. വിശിഷ്യാ ജൂലിയസ്സീസറേയും, നെപ്പോളിയനേയും, ഹിറ്റ്ലറേയും, മുസ്സോളിനിയേയുംപോലെ അനേകായിരം ആത്മാക്കളെ നിഷ്കരുണം കുരുതികൊടുത്ത് ജീവിതം പാപപങ്കിലമാക്കേണ്ട ദുരവസ്ഥയും നബിക്കുണ്ടായില്ല. എന്നാൽ അനന്യലബ്ധമായ അദ്ദേഹത്തിന്റെ വിജയരഹസ്യമെന്തായിരുന്നു? ഉദാത്തമായ വ്യക്തിപ്രഭാവവും മാതൃകാപരമായ ജീവിതവും ആകർഷണീയ പെരുമാററവും അദ്ദേഹത്തിന്റെ വിജയരഹസ്യങ്ങളിൽ ചിലത് മാത്രമായിരുന്നു. കഠിനശത്രുക്കളിൽ പെട്ടെന്ന് മാനസാന്തരമുണ്ടാവുന്ന വിധത്തിൽ പെരുമാറാനുള്ള അദ്ദേഹത്തിന്റെ കഴിവിന്റെ ഉത്തമ നിദർശനങ്ങളായി ധാരാളം സംഭവങ്ങളുദ്ധരിക്കാൻ കഴിയും. ഒരു സംഭവം മാത്രമുദ്ധരിക്കാം.

നബിയുടേയും സഖാക്കളുടേയും സ്വൈരജീവിതം അപകടത്തിലാക്കാൻ അരയും തലയും മുറുക്കിപ്പുറപ്പെട്ട ഒരുവിഭാഗമായിരുന്നു മദീനയുടെ പരിസരത്ത് അധിവസിച്ചിരുന്ന 'ഗത്ഫാൻ' ഗോത്രക്കാർ. അവരെ നേരിടാൻ നബിയും സഖാക്കളും പുറപ്പെട്ടു. വിവരമറിഞ്ഞ ശത്രുക്കൾ മലമുകളിലഭയം തേടി. അവരെ തിരഞ്ഞുപിടിക്കുന്ന ശ്രമത്തിനിടക്കു ക്ഷീണിതനായ നബി ഒരു വൃക്ഷത്തണലിൽ അല്പം വിശ്രമിക്കാനിരുന്നു. സഖാക്കൾ അവരെ പിടിക്കുന്ന ജോലിയിൽ മുഴുകിയിരുന്നു. സസ്യശ്യാമളമായ ആ പശ്ചാത്തലത്തിൽ ഒഴുകിവന്ന മന്ദമാരുതൻ അദ്ദേഹത്തെ സുഷുപ്തിയിലാഴ്ത്തി. ഉറക്കമുണർന്ന നബി ഭീമകാരനായ ശത്രുനേതാവ് മിന്നിത്തിളങ്ങുന്ന ഖഡ്ഗവുമുയർത്തിപ്പിടിച്ച് മുമ്പിൽ നില്ക്കുന്നതാണ് കണ്ടത്. "മുഹമ്മദേ! നിന്നെ രക്ഷിക്കുന്നവനാരാണ്?" എന്ന ശത്രുവിന്റെ ആകാരം ഏതൊരു സ്ഥിരചിത്തനേയും ചഞ്ചലമാക്കുന്നതായിരുന്നു. പക്ഷെ സർവ്വസ്വവും ദൈവത്തിങ്കലർപ്പിച്ച നബി കുലുങ്ങി

യില്ല. 'അല്ലാഹ്' എന്ന അദ്ദേഹത്തിന്റെ ശാന്തസ്വരത്തിലുള്ള മറുപടി ശത്രുവിന്റെ ഹൃദയത്തിൽ ആഘാതം സൃഷ്ടിച്ചു. വിറയുന്ന കൈകളിൽനിന്നു വാൾ നിലത്തു വീണു. തൽക്ഷണം നബി വാൾ കയ്യിലെടുത്തു. ശത്രുവിനോടു പ്രതികാരം ചോദിക്കുവാനുള്ള സുവർണ്ണാവസരമായിരുന്നു അത്. 'ദുഅ്സൂറേ! നിന്നെ ആരാണ് രക്ഷിക്കുക?' നബി ചോദിച്ചു. ഭയവിഹ്വലനായ അദ്ദേഹം നിരുദ്ധകണ്ഠനായി മറുപടിപറഞ്ഞു. 'മുഹമ്മദേ! എന്നെ രക്ഷിക്കുവാൻ നീയല്ലാതാരുമില്ല.' നബി ഉയർത്തിയ വാൾ താഴെയിട്ടു. അപ്പോഴേക്കും 'ദുഅ്സൂർ' മുസ്ലിമായിക്കഴിഞ്ഞിരുന്നു. നബിയിൽ പ്രകടമായ അചഞ്ചലമായ ദൈവവിശ്വാസവും പതറാത്ത ഹൃദയസ്ഥൈര്യവും മരണസന്നദ്ധതയും അദ്ദേഹത്തിൽ ആശയവിപ്ലവം സൃഷ്ടിച്ചു.

സർവ്വോപരി ജനങ്ങളുടെ ദൈനംദിന ജീവിതത്തിലെ വിശദാംശങ്ങളിലേക്കിറങ്ങിച്ചെന്ന് പട്ടിണിക്കാരന്റെ പട്ടിണിയിലും ദുഃഖിതന്റെ ദുഃഖത്തിലും പങ്കുകൊള്ളുന്ന അദ്ദേഹത്തിന്റെ സ്വഭാവം അനുയായികളിൽ നേതൃഭക്തിയും അനുസരണശീലവും വളർത്തി. ശക്തമായ രക്ഷാസന്നാഹങ്ങളോടുകൂടി കൊട്ടാരത്തിലുറങ്ങുന്നതിന്നു പകരം ഈത്തപ്പനപ്പായയിൽ സ്വന്തം കുടിലിൽ ഉറങ്ങുകയും, വിഭവസമൃദ്ധമായ സദ്യയുട്ടുന്നതിന്നു പകരം ഉണക്കറൊട്ടി ഭക്ഷിക്കുകയുംചെയ്തു അവിടന്ന്, പട്ടിണിക്കാരിൽ പട്ടിണിക്കാരനായ മുഹമ്മദെന്ന മനുഷ്യൻ, മഹത്തായ ഒരാദർശ സ്റ്റേററിന്റെ അധിപനായിരുന്നുവെന്നറിയുമ്പോൾ ഇന്നത്തെ ഭരണകർത്താക്കൾ നെററി ചുളിച്ചേക്കും. ദിവസങ്ങൾ തുടർച്ചയായി പട്ടിണികിടക്കേണ്ടിവന്ന ആ മനുഷ്യൻ ഉദാരന്മാരിൽ ഏററവും വലിയ ഉദാരനായിരുന്നു. തലസ്ഥാനനഗരിയിൽ കൊട്ടാരത്തിന്റെ ഉറക്കമുറിയിലിരുന്നു കമ്പിയില്ലാകമ്പിയിലൂടെ സൈന്യങ്ങൾക്ക് ഓർഡർ നൽകുന്നതിന്നു പകരം പോർക്കളത്തിൽ സൈന്യത്തിന്റെ മുന്നണിയിൽ നിന്നുകൊണ്ട് നേതൃത്വം നൽകി. സത്യം പ്രബോധനംചെയ്തിരുന്ന മുഹമ്മദ് സത്യത്തിന്റെ പ്രതീകവും നീതി പ്രസംഗിച്ച പ്രവാചകൻ നീതിയുടെ കാവൽഭടനും ദൈവഭക്തി കൽപ്പിച്ച നബി ഏററവും വലിയ ദൈവഭക്തനുമായിരുന്നു.

ചുരുക്കത്തിൽ അന്ത്യപ്രവാചകനായ മുഹമ്മദ്നബിയുടെ ബൃഹത്തായ ജീവിത സാഗരത്തിന്റെ അഗാധതയിലിറങ്ങിത്തപ്പിയാൽ കിട്ടുന്ന വൈരം പ്രസംഗത്തിന്നനുസരിച്ചു പ്രവർത്തിക്കുക എന്ന മഹത്തായ തത്വമാണ്. മൂർച്ചയേറിയ വാളിനെക്കാളും പിടിച്ചിരുത്തുന്ന പ്രസംഗത്തെക്കാളുമുപരി മാതൃകാപരമായ ജീവിതവും, വാക്കിന്നനുസരിച്ച പ്രവൃത്തിയുമാണ് ഏതൊരാദർശ പ്രബോധകന്റെയും വിജയരഹസ്യമെന്ന മഹത്തായ പാഠമാണ് മുഹമ്മദ്നബി(സ)യുടെ ജീവിതം ആധുനികലോകത്തിന് കാഴ്ചവെക്കുന്നത്.

—+—

# മുസ്ലിംകളുടെ കർത്തവ്യമെന്ത്?

— ഫൈസൽ

കഴിഞ്ഞ ഹജ്ജുവേളയിൽ, ലോകത്തിന്റെ വിവിധ കോണുകളിൽനിന്ന് വന്നുചേർന്ന മുസലിം നേതാക്കന്മാരോട് ഫൈസൽരാജാവ് ചെയ്ത ശ്രദ്ധേയമായ പ്രസംഗം.

ഇസ്ലാം കടുത്ത പരീക്ഷണത്തിന്നിരയായിട്ടുള്ള കാലഘട്ടമാണിത്. നമ്മുടെ കാലടികളെ ഉറപ്പിച്ചുനിർത്താനും സന്മാർഗ്ഗത്തിന്റെ പ്രഭ ചൊരിഞ്ഞുതരാനും സർവ്വശക്തനോട് നമുക്ക് ഹൃദയംനൊന്തു പ്രാർത്ഥിക്കാം.

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ശക്തിയുടെയും വിജ്ഞാനത്തിന്റെയും സംവിധാനത്തിന്റെയും പുരോഗതിയുടെയും ധാർമ്മിക മൂല്യങ്ങളുടെയുംമതമാണ് ഇസ്ലാം. ഒരു ധർമ്മത്തെയും അത് ഉപദേശിക്കാതെ വിട്ടിട്ടില്ല. ഒരു ഹീനകൃത്യത്തെയും അത് വിലക്കാതിരുന്നിട്ടുമില്ല. ദൈവത്തെ അനുസരിക്കണമെന്നും ഖുർആനും സുന്നത്തും പിൻപറ്റണമെന്നും പ്രബോധനംചെയ്യുകവഴി നിർബ്ബന്ധമായ ഒരു ബാദ്ധ്യത നിറവേറ്റുകയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങളുടെ രക്ഷിതാവിനോടും മതത്തോടും സ്വശരീരങ്ങളോടുമുള്ള ബാദ്ധ്യത.

ഇസ്‌ലാമിലേക്കുള്ള ആഹ്വാനത്തെ ചില കേന്ദ്രങ്ങൾ എതിർക്കുന്ന സമയമാണിത്. അവർക്ക് വിവേകവും സന്മാർഗ്ഗബോധവും പ്രദാനം ചെയ്യണേ എന്ന് അല്ലാഹുവോടു പ്രാർത്ഥിക്കുകയല്ലാതെ ഇതിനെപ്പററി നമുക്ക് കൂടുതലൊന്നും പറയാനില്ല. പ്രയാസങ്ങളെയും അപകടങ്ങളെയും തോളോടുതോളുചേർന്ന് നേരിടാൻ കടപ്പെട്ടവരാണ് മുസ്ലിംകൾ. യോജിപ്പിന്നും വൈകാരിയൈക്യത്തിന്നും വേണ്ടി അവർ ശ്രമിക്കണം. മതപരവും ഭൗതികവുമായ ശ്രേയസ്സാർജ്ജിക്കാൻ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പരസ്പര സഹായത്തിന്റെയും മാർഗ്ഗം അവലം

ബഹിക്കുകയും വേണം. ഇത് അനുപേക്ഷണീയമായ ചുമതലയാണ്.

ഇസ്ലാമിലേക്ക് വരാനും ഖുർആനും സുന്നത്തും പിൻപററാനും മുസ്ലിംകൾ സംഘടിച്ച് പരസ്പരം സഹായിക്കാനും ഞങ്ങളിപ്പോൾ ആഹ്വാനം ചെയ്തുവരികയാണ്. നിർഭാഗ്യമെന്നുപറയട്ടെ, ഇതിനെ ചിലർ അപലപിച്ചു. ചിലർ വിമർശിച്ചു. ചിലർ തെററിദ്ധാരണ പരത്തി. പക്ഷെ നിങ്ങളുടെ സഹോദരൻ എന്ന നിലക്ക് ഞാൻ വ്യക്തമായി പറയുന്നു, മുസ്ലിംകൾ യോജിക്കണമെന്നും സ്നേഹവും പരസ്പര സഹായവും കൈകൊള്ളണമെന്നും ഐഹികവും പാരത്രികവുമായ ഉന്നമനത്തിന്ന് ഒററക്കെട്ടായി യത്നിക്കണമെന്നുമുള്ള ആഹ്വാനം തികച്ചും സദുദ്ദേശത്തോടെയാണ്. ആരെയെങ്കിലും ആക്രമിക്കണമെന്ന ഉദ്ദേശം ഒട്ടുമില്ല. നിറവും വർഗ്ഗവും അഭിപ്രായവും എന്തുതന്നെയാവട്ടെ, വിശ്വാസത്തിൽ നമ്മോടൊപ്പം നില്ക്കുന്നവരുടെ ഏതെങ്കിലും അവകാശത്തെ കവർന്നെടുക്കണമെന്ന മോഹവുമില്ല. മുസ്ലിംകൾ ഒററക്കെട്ടായി വർത്തിക്കണം; കിതാബും സുന്നത്തും നടപ്പിൽ വരുത്തണം, അതിന്ന് നിരക്കാത്ത മനുഷ്യനിർമ്മിത പ്രസ്ഥാനങ്ങളെയോ പ്രത്യയ ശാസ്ത്രങ്ങളെയോ അവർ പിൻപററരുത്—ഇതുമാത്രമാണ് നമ്മുടെ അപേക്ഷ. ഈ ആഹ്വാനം ചിലർക്ക് അസഹ്യമായിരിക്കാം. സാമ്രാജ്യശക്തികൾ, കമ്യൂണിസ്റ്റുകൾ, ജൂതന്മാർ തുടങ്ങിയ ചില ദുശ്ശക്തികൾക്ക് അസ്വീകാര്യമായിരിക്കാം. എനിക്കതിൽ പരിഭവമില്ല. സത്യത്തെയും തങ്ങളുടെ മതത്തെയും സഹായിക്കാനും സുശക്തമായ ഒരു ഐക്യനിര കെട്ടിപ്പടുക്കാനും സദുദ്യമങ്ങൾക്ക് സഹകരണം നൽകാനും മുസ്ലിംകൾ വൈമുഖ്യം കാണിക്കയില്ലെന്ന് എനിക്ക് ദൃഢബോധമുണ്ട്:

എന്നെപ്പററി ഇതിനകം പല പരാമർശങ്ങളുമുണ്ടായി. ആദ്യം വ്യക്തമാക്കിയ പ്രകാരം അവക്ക് മറുപടിപറയാൻ ഞാൻ ഒരുക്കമില്ല. അല്ലാഹു അവക്ക് സന്മാർഗ്ഗവും സത്യത്തിലേക്ക് മടങ്ങാനും ദൈവമാർഗ്ഗം സ്വീകരിക്കാനുമുള്ള സന്മനസ്സും പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകമാത്രമേ ഞാൻ ചെയ്യുന്നുള്ളു. ഞങ്ങൾ പട്ടാളസഖ്യമുണ്ടാക്കാൻ ശ്രമിക്കുകയാണെന്നാ ഈ സഖ്യം സാമ്രാജ്യത്വത്തിന്റെ സൃഷ്ടിയാണെന്നും ചിലർ ആക്ഷേപിക്കുകയുണ്ടായി. നിങ്ങളുടെ സാന്നിദ്ധ്യത്തിൽ ഞാൻ അത്തരക്കാരെ ക്ഷണിക്കുന്നു, അവർ ഈ സംരംഭത്തിൽ ഞങ്ങളോടൊപ്പം ചേർന്ന് പ്രവർത്തിച്ചശേഷം ഇതിന്ന് പ്രചോദനം നല്കിയത് എന്താണെന്ന് നോക്കിക്കാണട്ടെ. സാമ്രാജ്യശക്തികളല്ല അതിന്ന് പ്രചോദനം നല്കിയത്, മറിച്ച് ദൈവത്തിൽ ദൃഢവിശ്വാസം പൂണ്ട, സമുദായത്തിന്റെ മതപരവും ഭൗതികവുമായ അഭ്യുത്ഥാനത്തിൽ ആകാംക്ഷയുള്ള ഹൃദയങ്ങളിൽനിന്ന് ഉയർന്നുവന്ന ഒരാശയമാണിതെന്ന് അവക്ക് മനസ്സിലാവും.



ഈ ആഹ്വാനത്തെ പിന്താങ്ങുന്ന ആരെയും ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യും. അവക്ക് ഞങ്ങളുടെ മുമ്പന്തിയിൽ സ്ഥാനം നൽകുകയും ചെയ്യും. പക്ഷേ ഇതിന്നു വേണ്ടി ഞങ്ങൾ അവമാനം സഹിക്കണമെന്നും അന്തസ്സും ആത്മാഭിമാനവും കുരുതികൊടുക്കണമെന്നുമാണ് ഉദ്ദേശമെങ്കിൽ അത് നടപ്പില്ല.

അല്ലാഹുവിന്ന് സ്വശരീരങ്ങൾ ഉഴിഞ്ഞിട്ടവരാണ് നാം. അതിൽനിന്ന് പിൻവാങ്ങാനോ യഥേഷ്ടം പ്രവർത്തിക്കാനോ ആർക്കും വയ്യ. അതുകൊണ്ട് എതിർക്കുന്നവർ എതിർക്കട്ടെ; വിമർശിക്കുന്നവർ വിമർശിക്കട്ടെ; ദൈവസഹായംകൊണ്ട് നമ്മുടെ മാർഗ്ഗത്തിൽനിന്ന് നാം വ്യതിചലിക്കുകയില്ല.

ഈ സംരംഭത്തെക്കുറിച്ച് പ്രചരിച്ചിട്ടുള്ള സംശയങ്ങളും തെറ്റിദ്ധാരണകളും അകറ്റാനാണ് ഞാനിത്രയും പറഞ്ഞത്. അവ അസ്ഥാനത്താണ്. ദൈവമാർഗ്ഗത്തിലൂടെ ഞങ്ങൾ മുമ്പോട്ടുപോവുക തന്നെ ചെയ്യുമെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. ഞങ്ങൾ തെല്ലും പിന്തിരിയുകയില്ല. ദൈവമാർഗ്ഗത്തിൽ ആരെയും ഭയപ്പെടുകയില്ല. ഇസ്ലാമിനെ മതമായി അംഗീകരിക്കാത്തവരെപ്പററി അല്ലാഹു പറയുന്നതിങ്ങനെയാണ്:

اِنَّ الدِّيْنَ عِنْدَ اللّٰهِ الْاِسْلَامُ

“അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്ലാം മാത്രമാണ്”.

وَمَنْ يَبْتَغِ غَيْرَ الْاِسْلَامِ
دِيْنًا فَلَنْ يُقْبَلَ مِنْهُ وَهُوَ
فِي الْاٰخِرَةِ مِنَ الْخَاسِرِيْنَ

“ഇസ്ലാമല്ലാത്ത മറ്റൊരു മതത്തെ ആരെങ്കിലും കാംക്ഷിച്ചാൽ അത് അസ്വീകാര്യമാണ്. പരലോകത്തിൽ അവൻ നഷ്ടകാരികളിൽ പെട്ടവനായിരിക്കും”.

വളരെ വ്യക്തമാണിത്. നാം മുസ്ലിംകളാണ്. മുസ്ലിംകളാണെന്ന് നാം സമ്മതിക്കുന്നു. പിന്നെ അതിൽനിന്ന് വ്യതിചലിക്കുന്നതും ഖുർആനും സുന്നത്തുമല്ലാത്ത നിയമങ്ങളെ ആധാരമാക്കി ഭരണം നടത്തുന്നതും എന്തിന്?

ഇസ്ലാമിനെ ഉദ്ദേശിക്കുന്നവർക്കും അത് വിജയിക്കണമെന്ന് ആഗ്രഹിക്കുന്നവർക്കുമുള്ള മാർഗ്ഗം വ്യക്തമാണ്. എന്നാൽ വ്യതിചലിക്കാനോ ഇസ്ലാമിലില്ലാത്തത് കടത്തിക്കൂട്ടാനോ ആണ് വല്ലവരും ഉദ്ദേശിക്കുന്നതെങ്കിൽ ദൈവകാരുണ്യംകൊണ്ട് മുസ്ലിംകൾ വഞ്ചിതരാവുകയില്ല. മതത്തിലുള്ളതെന്ത്, ഖുർആനും സുന്നത്തിന്നും നിരക്കുന്നതെന്ത് എന്നൊക്കെ അവക്ക് ഖണ്ഡിതമായി അറിയും.

അല്ലാഹു അവന്റെ പ്രവാചകന്ന് നൽകിയ നിർദ്ദേശം നമുക്കിവിടെ അനുസ്മരിക്കാം:

قُلْ يَا أَهْلَ الْكِتَابِ تَعَالَوْا إِلَى كَلِمَةٍ سَوَاءٍ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا اللَّهَ

"പറയുക: വേദക്കാരെ! നിങ്ങൾക്കും ഞങ്ങൾക്കും തുല്യമായ ഒരു തത്വത്തിലേക്ക്, അല്ലാഹുവെയല്ലാതെ ആരാധിക്കരുത് എന്ന സിദ്ധാന്തത്തിലേക്ക് നിങ്ങൾ വരൂ".

അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കലും അവന്റെ നിയമവ്യവസ്ഥകൾ നടപ്പിൽ വരുത്തലുമാണ് ആരാധനയെന്നതുകൊണ്ടുള്ള വിവക്ഷ. ആരാധനയുടെ കാമ്പും ഇതുതന്നെ. ആ നിലക്ക്, മുസ്ലിംകളാണെന്നവകാശപ്പെടുന്നതോടൊപ്പം നാം ഖുർആനും സുന്നത്തും അനുസരിച്ചുള്ള ഭരണം നടത്തുന്നതെങ്കിൽ അത് ബുദ്ധിക്കും യുക്തിക്കും നിരക്കാത്തതാണ്.

ഹൃദയവും ചിന്തയും അല്ലാഹുവിൽ പൂർണ്ണമായും കേന്ദ്രീകരിച്ചുകൊണ്ടാണ് നിങ്ങളിവിടെ സമ്മേളിച്ചിട്ടുള്ളത്. മാർഗ്ഗഭ്രംശം നേരിട്ട മുസ്‌ലിംകളെ സന്മാർഗ്ഗത്തിലാക്കാനും സമുദായത്തിൽ പരസ്പരധാരണയും ഹൃദയൈക്യവുമുണ്ടാക്കാനും നിങ്ങൾ അല്ലാഹുവോട് പ്രാർത്ഥിക്കണമെന്ന് ഞാൻ സഹോദരബുദ്ധ്യാ അപേക്ഷിക്കുന്നു.

إِنْ تَنْصُرُوا اللَّهَ يَنْصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ

നിങ്ങൾ അല്ലാഹുവെ സഹായിക്കുന്നപക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ കാലടികളെ ഉറപ്പിച്ചുനിർത്തുകയും ചെയ്യുമെന്നാണ് ഖുർആൻ പ്രസ്താവിച്ചിട്ടുള്ളത്. മനുഷ്യന്റെ ആശ്രയം ആവശ്യമുള്ളതുകൊണ്ടല്ല അല്ലാഹു തന്നെ സഹായിക്കണമെന്ന് പറഞ്ഞത്. അല്ലാഹുവിന്റെ ആശ്രയം മനുഷ്യനാണ് വേണ്ടത്. അല്ലാഹുവിനെ സഹായിക്കുക എന്നതിന്റെ അർത്ഥം അവന്റെ ഗ്രന്ഥത്തെ ആധാരമാക്കി വിധികല്പിക്കലും അവന്റെ നിയമസംഹിതകളെ പിന്തുടരലുമാണ്.

ഞങ്ങൾ അല്ലാഹുവിന്റെ സഹായംകൊണ്ട് ഞങ്ങളുടെ മാർഗ്ഗത്തിലൂടെ മുന്നേറും. ഈ മതത്തിൽനിന്നോ ഈ ആഹ്വാനത്തിൽനിന്നോ വാചാ-കർമ്മണാ അണുഅളവും വ്യതിചലിക്കില്ല. മുസ്ലിംകളുടെ പാദങ്ങളെ അല്ലാഹു ഉറപ്പിച്ചുനിർത്തുകയും ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കാൻ തുണക്കുകയും മാർഗ്ഗഭ്രംശം വന്നവരെ നന്നാക്കുകയും ചെയ്യട്ടെ.

# തഖ്‌വാ അഥവാ ദൈവഭക്തി

മഹ്മൂദ് ഹുസൈൻ, പട്ടിക്കാട്

ആകാശ ഭൂമികളെയും അവയിലെ സൂര്യനക്ഷത്രാദി ഗോളങ്ങളെയും കീഴ്പ്പെടുത്തുവാൻ പ്രാപ്തിയുള്ളവനാണ് മനുഷ്യൻ. അനേകായിരം നാഴിക ദൂരെ താമസിക്കുന്നവരോട് അഭിമുഖസംഭാഷണം നടത്തുവാനും, അവിടത്തെ സംഭവങ്ങൾ അതേനിമിഷം കണ്ടു രസിക്കുവാനും ദുഃഖിക്കുവാനും, കോടാനുകോടി ജീവികളെ ഒരു നിമിഷനേരംകൊണ്ട് നശിപ്പിക്കുവാനും ഇന്ന് അവന്ന് സാദ്ധ്യമാണ്. ഇത്രത്തോളം ഉന്നതസ്ഥാനമലങ്കരിക്കുന്ന മനുഷ്യൻ വൃത്തിഹീനവും മ്ലേച്ഛവുമായ പന്നിയേക്കാൾ അധഃപതിച്ചുപോകുമെങ്കിൽ അതിന്ന് പ്രേരകമായത് എന്താണെന്ന് ആലോചിക്കേണ്ടതല്ലേ ?

നമ്മുടെ ശരീരത്തിന്ന് പോഷകങ്ങൾ ധാരാളമായി പ്രദാനം ചെയ്യുന്ന കോഴിമുട്ട എത്ര നല്ല വസ്തുവാണ്? പക്ഷെ അത് കെട്ടുപോയാൽ അതെത്രമാത്രം മ്ലേച്ഛസാധനമായി ഗണിക്കപ്പെടുന്നു? എന്നിരുന്നാലും അതിന്റെ പുറംതൊലിക്ക് യാതൊരു വ്യത്യാസവുമില്ല. അതിന്റെ ഉൾഭാഗമാണല്ലോ ചീത്തയായിട്ടുള്ളത്. ഇതുപ്രകാരംതന്നെയാണ് മനുഷ്യനും. അവന്റെ പുറംതൊലിയും ബാഹ്യാവയവങ്ങളും വേഷഭൂഷണങ്ങളും എത്ര മനോഹരമോ, സുന്ദരമോ, പുഷ്ടിയുള്ളതോ ആകട്ടെ, ഉൾഭാഗം നന്നായേ തീരൂ. അപ്പോൾമാത്രമേ അവൻ യഥാർത്ഥ മനുഷ്യൻ ആകുന്നുള്ളൂ. റസൂൽ (സ. അ) ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി:

الا وان في الجسد لمضغة اذا صلحت صلح الجسد كله واذا فسدت فسد الجسد كله الا وهي القلب

"(മനുഷ്യ) ശരീരത്തിൽ ഒരു മാംസക്കഷണമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ദുഷിച്ചാൽ ശരീരം മുഴുവൻ ദുഷിക്കുന്നു. അറിയുക, അതത്രെ ഹൃദയം".

മനുഷ്യഹൃദയമാണ് മനുഷ്യന്റെ പുരോഗതിയുടെയും അധോഗതിയുടെയും അവലംബമെന്ന് ഈ തിരുവാക്യം വ്യക്തമാക്കുന്നു. അവന്റെ ബാഹ്യരൂപങ്ങൾക്ക് യാതൊരു വിലയും സ്ഥാനവും ഇല്ലെന്നും അവിടുന്ന് മറ്റൊരിക്കൽ പ്രസ്താവിച്ചത് കാണുക:

ان الله لا ينظر الى اجسامكم ولا الى صوركم ولكن ينظر الى قلوبكم

"നിശ്ചയമായും അല്ലാഹു നിങ്ങളുടെ ശരീരങ്ങളെയോ, രൂപങ്ങളെയോ, നോക്കുന്നില്ല. പക്ഷെ നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ് അവൻ നോക്കുന്നത്".

ചുരുക്കത്തിൽ മനുഷ്യ ഹൃദയം നന്നായാൽ മാത്രമേ അവനെ ഉൽകൃഷ്ടജീവിയായി ദൈവവും ലോകവും സമ്മതിക്കുകയുള്ളൂ. ഹൃദയം നന്നായിത്തീരുവാൻ പര്യാപ്തമായ ഒരു മഹൽഗുണമത്രെ, തനിക്ക് മേല്യധരിച്ചവിധം കഴിവും പ്രാപ്തിയും നല്കി സൃഷ്ടിച്ച അല്ലാഹുവെ ഭയപ്പെട്ട് ജീവിക്കുകയെന്നത്. ദൈവഭയം മാത്രമേ മനുഷ്യനെ നന്മയിലേക്കും അതുവഴി ഉന്നതിയിലേക്കും നയിക്കുകയുള്ളൂ. അവന്റെ നിറമോ, പ്രകൃതിയോ, ഭാഷയോ, രാജ്യമോ അവനു ഒരു പദവിയും നൽകുകയില്ല. "അറബിക്ക് അനറബിയെക്കാളോ, അനറബിക്ക് അറബിയെക്കാളോ, വെളുത്തവന്ന് കറുത്തവനെക്കാളോ, കറുത്തവന്ന് വെളുത്തവനെക്കാളോ ദൈവഭയം കൊണ്ട് മാത്രമല്ലാതെ യാതൊരു ശ്രേഷ്ഠതയില്ല" എന്ന് തിരുമേനി വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

മനുഷ്യോന്നതിയുടെ അളവുകോൽ തഖ്‌വാ മാത്രമാണെന്ന് വിവരിക്കുന്നതോടൊപ്പം, മനുഷ്യരുടെ സമത്വവും ഏകീഭാവവും ഈ പ്രഖ്യാപനം വ്യക്തമാക്കുന്നു. രാജാവും പ്രജയും തൊഴിലാളിയും മുതലാളിയും ദരിദ്രനും ധനികനും ഇസ്ലാമികനിയമത്തിൽ തുല്യസ്ഥാനമലങ്കരിക്കുന്നവരാണ്. സാമൂഹ്യ മര്യാദകളും അവകാശങ്ങളും അവർക്കെല്ലാം തുല്യമാണ്. എന്നിരുന്നാലും ദൈവഭയത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ഥാനങ്ങൾ നല്കിയേക്കാം. വിശുദ്ധ ഖുർആനിൽ ഇങ്ങിനെ കാണാം:

يا ايها الناس انا خلقناكم من ذكر وانثى وجعلناكم شعوبا وقبائل لتعارفوا ان اكرمكم عندالله اتقاكم - الحجرات

"മനുഷ്യരേ! നിങ്ങളെ നാം ഒരു പുരുഷനിൽനിന്നും ഒരു സ്ത്രീയിൽനിന്നും സൃഷ്ടിച്ചു. (എല്ലാവരും ഓരേ മാതാപിതാക്കളുടെ സന്താനങ്ങളും സഹോദര സഹോദരിമാരും ആകുന്നു) നാം നിങ്ങളെ വിവിധ ശാഖകളും ഗോത്രങ്ങളുമാക്കിയത് നിങ്ങളന്യോന്യം അറിയുവാൻ വേണ്ടിയാണ്. (ഈ അടിസ്ഥാനത്തിൽ നിങ്ങളെല്ലാം സമന്മാരാണ്. ഒരാൾക്കും മറ്റൊരാളെക്കാൾ കൂടുതൽ ശ്രേഷ്ഠതയില്ല) എന്നാൽ നിങ്ങളിൽവെച്ച് ശ്രേഷ്ഠന്മാർ നിങ്ങളിൽ കൂടുതൽ ദൈവഭയമുള്ളവരാണ്".

തഖ്‌വയുടെ പ്രാധാന്യത്തെ ഊന്നിപ്പറയുന്ന ധാരാളം വാക്യങ്ങൾ ഖുർആനിലുടനീളം കാണാം.



മനുഷ്യഹൃദയമാണ് അതിന്റെ ആസ്ഥാനമെന്ന് മുകളിൽ വിവരിച്ചുവല്ലോ. ഈ വിഷയകമായി വന്ന ഒരു നബിവാക്യവുംകൂടി ഉദ്ധരിക്കാം:

المسلم اخو المسلم لا يظلمه ولا يخذله ولا يكذبه ولا يحقره التقوى ههنا ويشير الى صدره ثلاث مرات (مسلم)

"മുസ്ലിം മുസ്ലിമിന്റെ സഹോദരനാണ്, അവൻ അവനെ ദ്രോഹിക്കുകയില്ല. അവനെ (സഹായിക്കാതെ) അവഗണിക്കുകയില്ല. അവനോട് കളവുപറയുകയില്ല, അവനെ നിന്ദിക്കുകയുമില്ല. നബി (സ. അ) തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് മൂന്ന് പ്രാവശ്യം ഇങ്ങിനെ പറഞ്ഞു: തഖ്‌വാ ഇവിടെയാകുന്നു",

മനുഷ്യന്റെ സാമൂഹ്യനിലപാടും അവന്റെ സാമൂഹ്യ ജീവിതത്തിൽ കൈക്കൊള്ളേണ്ടുന്ന മര്യാദകളും വിവരിച്ചശേഷം, 'തഖ്‌വാ ഇവിടെയാണ്' എന്ന് ആവത്തിച്ചാവത്തിച്ച് നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് തിരുമേനി നൽകിയ പ്രഖ്യാപനത്തിന് വളരെ പ്രാധാന്യമുണ്ട്. മനുഷ്യന്റെ എല്ലാ സാമൂഹ്യ ഗുണങ്ങളും തഖ്‌വയിൽനിന്നാണ് ഉത്ഭവിക്കുന്നത്. അഥവാ തഖ്‌വയുണ്ടെങ്കിൽ മാത്രമേ ഇവയെല്ലാം കൈക്കൊള്ളുവാനുള്ള മനസ്ഥിതി ഉണ്ടാവുകയുള്ളൂ എന്ന് സാരം.

اڈتناٹکرا يتيم خانہ

EDATHANATTUKARA ORPHANAGE
P. O. EDATHANATTUKARA.
(Via)MELATTUR, PALGHAT Dt.

200-ൽ പരം അനാഥകളും അഗതികളുമായ ബാലികാബാലന്മാരെ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി എല്ലാ വിധ സൗകര്യങ്ങളും സൌജന്യമായി നല്കി സംരക്ഷിച്ചുവരുന്ന പാലക്കാട് ജില്ലയിലെ ഏററവും വലിയ ധർമ്മസ്ഥാപനം.

17 കൊല്ലമായി സമുദായത്തിന്റെ പൊതു ഉത്തരവാദിത്വം പ്രശസ്തമാംവണ്ണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഈ മഹൽ സ്ഥാപനത്തിന്റെ നിലനില്പ് സമുദായത്തിലെ ഉദാരമതികളുടെ ഉള്ളഴിഞ്ഞ സഹായസഹകരണങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

മേലിലും ഈ മഹൽസ്ഥാപനത്തെ മറക്കാതിരിക്കുക.

എന്ന്, സിക്രട്ടരി

# ഇസ്ലാം-റഷ്യയിൽ

കെ. അബ്ദുള്ള

ഇസ്ലാമിന്നും മുസ്ലിംകൾക്കുമെതിരിൽ സോവിയററു യൂനിയൻ അതിൻെറ മുഴുശ്ശക്തിയോടെയുമുള്ള സമരമാരംഭിച്ചിട്ടുണ്ടെന്നു് 'മാച്ച് ഓഫ് ദി നേഷൻ' റിപ്പോർട്ടു് ചെയ്യുന്നു. ഇയ്യിടെചേന്ന അഞ്ചു് സോവിയറ്റു് ഏഷ്യൻ റിപ്പബ്ലിക്കുകളുടെ പാർട്ടികോൺഗ്രസ്സിൽ ഇസ്ലാമികാധ്യാപനങ്ങളുടെയും മതപുരോഹിതന്മാരുടെയും നേരെ മൂർച്ചയേറിയ അസ്ത്രങ്ങളാണെയ്തുവിട്ടതു്. റഷ്യയിൽ ഇസ്ലാമിന്റെ ഭാവിയെസ്സംബന്ധിച്ചു് ഇന്നു്, പലർക്കും ആശങ്കയുളവായിരിക്കുന്നു. കേട്ടാൽ മുസ്ലിംകളെന്നു തോന്നുന്ന നാമങ്ങളുള്ള ചിലരാണവിടെ ഇസ്ലാമിനെ നശിപ്പിക്കാൻ മുൻകയ്യെടുത്തു് പ്രവർത്തിക്കുന്നതെന്ന വസ്തുതയത്രെ ഏററവും വിചിത്രമായിട്ടുള്ളതു്.

### "സന്ധിയില്ലാത്ത സമരം"

റഷ്യയിൽ ഇസ്ലാമിന്നെതിരായ പ്രചാരവേലകൾക്കു് ശക്തികൂട്ടുന്നവരിൽ പ്രധാനികൾ, ഷറഫു് റഷിദോവ്, (ഉസ്ബെക്കിസ്ഥാൻ) റസുലോവ്, (തദ്ജികിസ്ഥാൻ) ഉസ്പലിയേവ്, (ഖിർഗിസ് റിപ്പബ്ലിക്) തുടങ്ങിയവരാണ്.

ഇസ്ലാമികചരിത്രവും നിയമങ്ങളും ജനങ്ങളെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ടെന്നിവർ പരാതിപ്പെടുന്നു. തന്നിമിത്തം, നമസ്കാരം നോമ്പു് തുടങ്ങിയ കമ്യൂണിസ്റ്റു് വിരുദ്ധ നടപടികൾക്കെതിരായി 'സന്ധിയില്ലാത്തൊരു സമര'ത്തിലേർപ്പെടേണ്ടതു് അനിവാര്യമായിത്തീർന്നിട്ടുണ്ടെന്നു് ഇവർ പാർട്ടി കോൺഗ്രസ്സിൽ വ്യക്തമാക്കുകയുണ്ടായി. മതവിരുദ്ധ നടപടികൾ മന്ദഗതിയിലേ നടക്കുന്നുള്ളുവെന്നു ചിലർ ആവലാതിപ്പെട്ടു.

'തദ്ജിക്' പാർട്ടിയുടെ മുഖപത്രമായ 'സോവിയററു തദ്ജികിസ്ഥാൻ' അതിൻെറ ഒരു മുഖലേഖനത്തിൽ, മതവിരുദ്ധ പ്രചാരകന്മാർ ദൈവത്തെയും മതത്തെയും എതിർത്തുകൊണ്ടു് വാദിക്കുന്നതിന്നുപകരം, കന്നുകാലികൾ, വളം മുതലായ നിസ്സാര കാര്യങ്ങളെക്കുറിച്ചു് കഷ്ടകരമായി സംസാരിക്കാൻ അവരുടെ വിലയേറിയ സമയം വിനിയോഗിക്കുകയാണെന്നു കുററപ്പെടുത്തിട്ടുണ്ടു്.

### മതം പുരോഗതിയ്ക്കു് ഹാനികരം.



ഉസ്ബെക്കു് കമ്യൂണിസ്റ്റു് പാർട്ടിയുടെ പ്രഥമ സിക്രട്ടരിയായ ഷറഫ് റഷിദോവ്, ഇസ്ലാമിന്റെ നേരെയുള്ള തന്റെ രോഷം ഇങ്ങനെ പ്രകടിപ്പിക്കുന്നു: "മതം പുരോഗതിയ്ക്കു് ഹാനികരമത്രെ. യുവജനങ്ങളെ ഇസ്ലാം ഇന്നു്, വളരെയേറെ സ്വാധീനിച്ചിട്ടുണ്ടു്. ഈ സ്വാധീനം കുറക്കാനും അങ്ങിനെ ഇസ്ലാമിന്റെ കെണിയിൽനിന്നു് യുവാക്കളെ രക്ഷപ്പെടുത്താനും നാം നല്ലവണ്ണം പാടുപെടേണ്ടിയിരിക്കുന്നു. ഇസ്ലാമിന്റെ ശക്തി നമുക്കു് കണക്കിലെടുക്കാതെവയ്യ. ഇത്തരുണത്തിൽ, നിരീശ്വര-നിമ്മത പ്രചാരവേലകൾക്കു് ഊക്കുകൂട്ടാൻ കമ്യൂണിസ്റ്റുകാരും ഉൽബുദ്ധരായ മററു ജനങ്ങളും മുമ്പോട്ടു വരേണ്ടതാവശ്യമാണു്".

'ഉസ്ബെക്കിസ്ഥാൻ മദാനിയ്യത്തി' എന്ന വേറൊരു പത്രം താഷ്കന്റിൽ, ഏഷ്യൻ റിപ്പബ്ലിക്കുകളിലെ മുസ്ലിം നേതൃകാര്യാലയത്തിന്നു്, മതവിരുദ്ധ പ്രചാരകന്മാരിൽനിന്നു് ഒരു പ്രസംഗംപോലും ലഭിച്ചിട്ടില്ലെന്നു് ആവലാതിപ്പെട്ടിട്ടുണ്ടു്. അവിടത്തെ തിലാഖഷ് പള്ളിയിൽ ജനങ്ങൾ നമസ്കാരത്തിന്നായി തടിച്ചുകൂടുന്നുണ്ടെന്നും മതാനുഷ്ഠാനങ്ങൾ നിർവ്വിഘ്നം നടത്തപ്പെടുന്നുണ്ടെന്നും പത്രം തെല്ലൊരാശങ്കയോടെ വ്യക്തമാക്കുന്നു.

റഷ്യയിൽ മുസ്ലിംകൾക്കെതിരിൽ മർദ്ദനനടപടികൾ കൈക്കൊണ്ടേക്കുമോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. സംഗതികൾ ആ വഴിയ്ക്കത്രെ നീങ്ങുന്നതു്. മതത്തെയും ദൈവത്തെയും തകർക്കാൻ (?) പരിശീലനം നേടിയ സൈന്യങ്ങളെ മുസ്ലിം റിപ്പബ്ലിക്കുകളിലേക്കയച്ച ചരിത്രം റഷ്യക്കുണ്ടു്. (ദൈവം തകരാൻ കൂട്ടാക്കിയില്ലെങ്കിലും.) എങ്കിലും ദൈവനിഷേധികൾക്കു് മതവിശ്വാസികളിലേക്കിറങ്ങിച്ചെല്ലാൻ തെല്ലൊരു ഭയമുണ്ടെന്നു് റസുലോവ്തന്നെ സമ്മതിച്ചിട്ടുണ്ടു്.

### കപടനാട്യം.

ഇസ്ലാമിന്നും മുസ്ലിംകൾക്കുമെതിരിൽ റഷ്യയിൽ നടക്കുന്ന നടപടികൾ റേഡിയോ വഴിയോ പത്രങ്ങൾവഴിയോ റഷ്യക്കുപുറത്തുള്ള ലോകത്തിൻെറ അറിവിൽ പെടരുതെന്നു് അത്തരം വകുപ്പുകൾക്കു് ഗവമ്മെണ്ടിൻെറ നിർദ്ദേശമുണ്ടു്. മററു രാജ്യങ്ങൾക്കു് തങ്ങളോടുള്ള മതിപ്പു് കുറഞ്ഞുപോവുമെന്ന ഭയമാണിതിൻെറ പ്രേരകശക്തി. മുസ്ലിംകൾക്കെതിരായുള്ള പ്രവർത്തനങ്ങൾ, ഈജിപ്പ്റ്റ്പോലുള്ള മുസ്ലിം രാഷ്ട്രങ്ങളുടെ മുമ്പിൽ അജ്ഞാതമാക്കിവെക്കാൻ റഷ്യ ശ്രമിച്ചുവരുന്നു. നഗരത്തിൽ പാകിസ്ഥാൻ പ്രതിനിധികളുടെ സാന്നിധ്യംകാരണം, താഷ്കന്റ് സമ്മേളനാവസരത്തിൽ, അതുവരെ പൂട്ടിയിട്ടിരുന്ന അവിടത്തെ ചില പള്ളികൾപോലും തുറന്നു പ്രവർത്തിക്കാൻ ഗവമ്മെണ്ടു് അനുമതിനല്കുകയുണ്ടായിട്ടുണ്ടു്.

ലോകത്തിലെ മററു രാജ്യങ്ങളുടെ സഹായം ലഭിക്കുന്നതിന്നായി

തങ്ങളുടെ നാട്ടിൽ 'എല്ലാ മതങ്ങൾക്കും പൂർണ്ണസ്വാതന്ത്ര്യമാ'ണെന്ന നാട്യമത്രെ സോവ്യയറ്റ്യൂനിയൻ കൈക്കൊള്ളുന്നത്. യഥാർത്ഥത്തിലാവട്ടെ, പള്ളികളും ചർച്ചുകളും നശിപ്പിക്കാനും മതവിശ്വാസങ്ങൾപോലും തുടച്ചുനീക്കാനും പോരുന്ന ശക്തിയായ ശ്രമങ്ങളാണതു നടത്തുന്നത്.

**എന്നിട്ടും മുന്നേറുന്നു.**

എന്നാൽ ഇസ്ലാമിക വിരുദ്ധ നടപടികൾക്ക് ഉദ്ദേശിച്ച ഫലം റഷ്യയിൽ സിദ്ധിക്കുന്നില്ലെന്നതാണ് നേര്. മോസ്ക്കാവിൽ ഇന്നും നിലവിലുള്ള ചില പള്ളികൾ ഭക്തന്മാരെക്കൊണ്ട് നിറഞ്ഞിരിക്കയാണ്. വൃദ്ധന്മാർ മാത്രമല്ല, റഷ്യൻ വിപ്ലവാനന്തരം ഭൂജാതരായ യുവാക്കളും പെടും അക്കൂട്ടത്തിൽ. മദ്ധ്യേഷ്യയിലെ മുസ്ലിം അധിവാസപ്രദേശങ്ങളിലെ പള്ളികളെല്ലാം അടച്ചുപൂട്ടുകയും അവയെല്ലാം മ്യൂസിയങ്ങളും മററുമായി രൂപാന്തരപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും അവിടങ്ങളിലെ മുസ്ലിംകളുടെ വിശ്വാസത്തിന്ന് യാതൊരുകോട്ടവും തട്ടീട്ടില്ല. അവർ തങ്ങളുടെ മതാനുഷ്ഠാനകർമ്മങ്ങൾ സ്വന്തം വീട്ടുകളിൽവെച്ച് നിർവ്വഹിക്കുന്നു.

('റേഡിയൻസി'ൽനിന്ന്)


**നവവിയുടെ 40 ഹദീസുകൾ**

ഓരോ മുസ്ലിമും അവശ്യം അറിഞ്ഞിരിക്കേണ്ടതും, ഇസ്ലാമിനെപ്പററി ലഘുവായി ഗ്രഹിക്കുവാൻ അനുഗ്രഹിക്കുന്നവർ കൈവശം വെക്കേണ്ടതുമായ ഒരു വിശിഷ്ട ഗ്രന്ഥം.

**അറബി മുൻഷി പരീക്ഷകൾക്ക്** നിർണ്ണയിക്കപ്പെട്ട ഒരു പാഠപുസ്തകംകൂടിയാണിത്.

അറബിമൂലവും മലയാള പരിഭാഷയും വിവരണവും.

വെള്ളക്കടലാസ്സ് പേജ് 100 വില 1ക.

ഗ്രന്ഥകർത്താവ്: ജ: പി. എം. അബ്ദുറഹിമാൻ, **M. A.**.

(അറബിക് ലക്ചറർ, ബ്രണ്ണൻ കോളേജ്, തലശ്ശേരി)

പ്രസാധകന്മാർ:

**C. H. മുഹമ്മദ് & സൺസ്,**

തിരൂരങ്ങാടി. (കേരള)



# വരിസംഖ്യ

## അൽ-മുർശിദ് മാസിക

ഇന്ത്യ, സിലോൺ, പാകിസ്ഥാൻ

| | |
|---|---|
| ഒരു കൊല്ലത്തേക്ക് | 3—50 |
| 6 മാസത്തേക്ക് | 2—00 |

മററു രാജ്യങ്ങളിൽ

| | |
|---|---|
| ഒരു കൊല്ലത്തേക്ക് (സീമെയിൽ) | 5—00 |
| ,, (എയർമെയിൽ) | 11—00 |

## പരസ്യ നിരക്ക്

(ഒരു പ്രാവശ്യം)

| | |
|---|---|
| കവർ അവസാനഭാഗം | 150—00 |
| ,, 2, 3 ഭാഗങ്ങൾ | 100—00 |
| ഉൾഭാഗം മുഴുവൻ പേജ് | 50—00 |
| ,, പകുതി പേജ് | 30—00 |
| ,, കാൽപേജ് | 15—00 |

[ദീർഘകാലത്തേക്ക് പ്രത്യേക നിരക്ക്.]

# തിരൂരങ്ങാടി യത്തീംഖാനഃ

## ترورنگاڈی یتیم خانہ

ترورنگاڈی کیرلہ

ഒത്തക്കെ ഇന്ത്യയിലെ ഏററവും വലിയ അനാഥശാലയായ തിരൂരങ്ങാടി യത്തീംഖാനയിലെ 700ൽപരം അന്തേവാസികളുടെ സംരക്ഷണാർത്ഥം വർഷാന്തം രണ്ടു ലക്ഷം ഉറുപ്പികയോളം തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മിററി (രജിസ്റ്റേഡ്) ചിലവഴിക്കുന്നുണ്ട്. ഇതിനുപുറമെ അന്തേവാസികളുടെ ലൌകികവും മതപരവുമായ വിദ്യാഭ്യാസത്തിന്നായി നടത്തപ്പെടുന്ന ഓർഫനേജ് ലോവർ പ്രൈമറി സ്കൂൾ, തിരൂരങ്ങാടി ഓറിയന്റൽ (അറബിക്) ഹൈസ്കൂൾ, സീതിസാഹിബ് മെമ്മോറിയൽ ഓർഫനേജ് ട്രെയിനിംഗ് സ്കൂൾ, നൂറുൽ ഇസ്‌ലാം മദ്രസ്സഃ എന്നീ സ്ഥാപനങ്ങൾക്കും വർഷാന്തം നല്ല ഒരു തുക ചിലവുവരുന്നുണ്ട്.

മേൽ സ്ഥാപനങ്ങൾ നേരിട്ട് കാണുവാനും ഉദാരമായ സംഭാവനകൾ നൽകാനും വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്, സിക്രട്ടറി,

**തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മിററി (Regd.)**

തിരൂരങ്ങാടി.

Printed by Hajee C. H. Ebrahim at the Amirul Islam Power Press, Edited by E. K. Moulavi, & Published by Mohsin bin Ahmed, B. A., L. T. for the K. M. Moulavi Memorial Trust, Tirurangadi, Kerala.